# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 42 ലക്കം ഡിസംബർ 2023 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

കാനായിലെ കല്യാണവേളയിൽ
നിന്റെ പുത്രന്റെ മഹത്ത്വം
വെളിപ്പെടുത്തുവാൻ വഴിതെളിച്ച
പരിശുദ്ധ കന്യകാമറിയമേ,
നിന്റെ മാതൃക സ്വീകരിച്ച്
അനുദിനജീവിത സാഹചര്യങ്ങളിൽ
ഈശോയുടെ സാന്നിദ്ധ്യം
വെളിപ്പെടുത്തുന്ന ഉപകരണങ്ങളായി
ഞങ്ങൾ വർത്തിക്കാനുള്ള
അനുഗ്രഹത്തിനായി
ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

rawpixel

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 42 ദനഹാ ലക്കം ഡിസംബർ 2023


"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)


രക്ഷാധികാരി:
ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ

മാനേജിംഗ് എഡിറ്റർ:
ഫ്ളവറി ചോതിരക്കുന്നേൽ A.O.

എക്സിക്യൂട്ടീവ് എഡിറ്റർ:
ഷിനി തെരേസ് മുതുപ്ലാക്കൽ A.O.

പത്രാധിപസമിതി:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
ഡോ. അനു കുരിശുംമൂട്ടിൽ A.O.
സ്റ്റെഫി മംഗലത്തുകുന്നേൽ A.O.
സിജി കുന്നത്ത് A.O.

അഡ്വൈസറി ബോർഡ്:
റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ
റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ
വിൽസൺ ജോർജ്ജ് അറയ്ക്കൽ M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
ജെനി കഴുന്നടിയിൽ A.O.
മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ

ഫിനാൻസ് മാനേജർ:
അനിത ആത്രശ്ശേരിയിൽ A.O.

കവർ ഡിസൈനിംഗ് & ലേഔട്ട്
ജെ.എസ്. ഗ്രാഫിക്സ്



വാർഷിക വരിസംഖ്യ ₹ 100/-

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

പ്രോസാണ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്ച്വാലിറ്റി സെന്റർ
മാങ്ങാനം പി. ഒ., കോട്ടയം 686 018
ഫോൺ: 9497588192, 0481-2578192
Email: psmktm@gmail.com


## ഉള്ളടക്കം


- മാമോദീസായും ക്രൈസ്തവജീവിതവും 5
- പ്രകാശത്തിന്റെ വഴിയേ 8
- മിശിഹായുടെ 'ദനഹാ' ലോകത്തിന്റെ പ്രതീക്ഷ 10
- അബിയാ 14
- സാർവത്രിക കൂട്ടായ്മ 17
- സെനക്കിൾ തരംഗം 19
- ആരുടെ സന്തതിയാ 20
- മാമോദീസാ 22
- തലമുറകൾക്കു വെളിപാടാകുക 23
- അടുപ്പം 26
- സ്വർഗത്തിന്റെ സമ്മാനം 28
- അമ്മയോടൊപ്പം 30



എഡിറ്റോറിയൽ

# പിതാവിനു പ്രിയപ്പെട്ടവർ

ഈശോമിശിഹായുടെ പരസ്യജീവിതത്തിന്റെ ഓർമ്മയുമായി വീണ്ടുമൊരു ദനഹാക്കാലം കടന്നുവന്നിരിക്കുന്നു. പരസ്യജീവിതത്തിനു തുടക്കംകുറിച്ചുകൊണ്ടുള്ള അവിടുത്തെ മാമ്മോദീസാവേള പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തലിന്റെ വേദിയുമായിരുന്നു. "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ 3,17). ഈശോയുടെ മാമോദീസാവേളയിൽ സ്വർഗത്തിൽനിന്നും കേട്ട ഈ സ്വരം ഇന്നും ഓരോ വ്യക്തിയുടെയും മാമോദീസാവേളയിലും ആവർത്തിക്കപ്പെടുന്നുണ്ട് എന്നതിനു സംശയമില്ല.

പിതാവു പ്രസാദിച്ച അവിടുത്തെ പ്രിയപുത്രൻ എന്ന വിശേഷണം ഈശോയുടെ പരസ്യജീവിതത്തിന്റെ ആരംഭത്തിൽ മാത്രമല്ല പിന്നീടും നാം കാണുന്നുണ്ട്. ഈശോയുടെ രൂപാന്തരീകരണവേളയിൽ സ്വർഗത്തിൽനിന്നും വീണ്ടും സ്വരമുയരുന്നുണ്ട്: "ഇവൻ എന്റെ പ്രിയപുത്രൻ, എന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ; ഇവന്റെ വാക്കു ശ്രവിക്കുവിൻ" (ലൂക്കാ 9,35). ഈ ഭൂമിയിലെ ജീവിതകാലം മുഴുവനും പിതാവിനു പ്രിയപ്പെട്ടവനായി, പിതാവു പ്രസാദിച്ച പുത്രനായി ജീവിക്കുവാൻ ഈശോയ്ക്കു കഴിഞ്ഞു.

മാമോദീസായിലൂടെ നാം പിതാവിനു പ്രിയപ്പെട്ട മക്കളായി തീരുന്നുണ്ടെന്നുള്ളത് വാസ്തവംതന്നെ. എന്നാൽ നമ്മുടെ ജീവിതാന്ത്യംവരെ ഈ വിശേഷണം നിലനിർത്താൻ നമുക്കു സാധിക്കുന്നുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ടിയിരിക്കുന്നു. 'മാമോദീസായിൽ ലഭിച്ച പ്രസാദവരം ഞാൻ ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ല' എന്ന് ഏറ്റുപറഞ്ഞ വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചനെപ്പോലെ ചങ്കുറപ്പോടെ വിളിച്ചുപറയാൻ എത്ര ക്രൈസ്തവർക്കു സാധിക്കും എന്നത് ചിന്തനീയമാണ്. ദൈവഹിതമനുസരിച്ചു ജീവിച്ചാൽ അത് എല്ലാവർക്കും സാധ്യമാണ്. അതിനായി നമുക്കു പരിശ്രമിക്കാം. എവർക്കും ദനഹാത്തിരുനാളിന്റെ ആശംസകൾ.

ചീഫ് എഡിറ്റർ




# മാമോദീസായും ക്രൈസ്തവജീവിതവും

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

**ഈ**ശോയുടെ മാമോദീസായും അതേത്തുടർന്നുള്ള പരസ്യജീവിതവുമാണല്ലോ ദനഹാക്കാലത്ത് നാം അനുസ്മരിക്കുന്നതും അനുഷ്ഠിക്കുന്നതും ആഘോഷിക്കുന്നതും. ക്രൈസ്തവജീവിതത്തിന് തുടക്കം കുറിക്കുന്ന പ്രവേശനകൂദാശയാണ് മാമോദീസാ. ഈശോയുടെ മാമോദീസായെക്കുറിച്ച് ഇപ്രകാരമാണ് സുവിശേഷം അവതരിപ്പിക്കുന്നത്: "ജനം സ്നാനം സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോയും വന്ന് സ്നാനമേറ്റു. അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങിവന്നു. സ്വർഗത്തിൽനിന്ന് ഒരു സ്വരവുമുണ്ടായി: നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്കാ 3,21-22). ഈശോയുടെ മാമോദീസാ ദൈവവുമായുള്ള അവിടുത്തെ പിതൃപുത്രബന്ധത്തിന്റെ പ്രഖ്യാപനവും പരിശുദ്ധാത്മാവിലൂടെയുള്ള ത്രിത്വാത്മക കൂട്ടായ്മയുടെ വെളിപ്പെടുത്തലുമായിരുന്നു. ക്രൈസ്തവജീവിതം ആരംഭിക്കുന്നതും മാമോദീസായിലൂടെയാണല്ലോ. മാമോദീസായിലൂടെ ത്രിയേകദൈവവുമായുള്ള കൂട്ടായ്മയിലേക്ക് പിതൃപുത്രബന്ധത്തിലും സാഹോദര്യബന്ധത്തിലും നാം പ്രവേശിപ്പിക്കപ്പെടുന്നു. മിശിഹാനുഭവത്തെപ്പറ്റി യോഹന്നാൻശ്ലീഹാ പറയുന്ന വാക്കുകൾ മാമോദീസായിലൂടെ നാം പ്രവേശിപ്പിക്കപ്പെടുന്ന ത്രിത്വകൂട്ടായ്മയെ സൂചിപ്പിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ജീവന്റെ വചനമായ മിശിഹാനുഭവത്തിൽ പങ്കുചേരുന്നത് ത്രിത്വകൂട്ടായ്മയിലുള്ള പങ്കുചേരലായി യോഹന്നാൻശ്ലീഹാ

അവതരിപ്പിക്കുന്നു (1 യോഹ 1,1-3). "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ നല്കുവിൻ" (മത്താ 28,19) എന്ന ദൗത്യമേല്പിച്ചുകൊണ്ട് മിശിഹാ ശിഷ്യന്മാരെ പറഞ്ഞയയ്ക്കുന്നതും ഇതിന്റെ സൂചനയാണ്. അതുകൊണ്ട് മാമോദീസാ സ്വീകരിച്ചവരുടെ സമൂഹമായ സഭാസമൂഹം ഒരു ത്രിത്വാത്മകകൂട്ടായ്മയാണ്.

**സഭ ഒരു കുടുംബം**

സഭാജീവിതം കേവലം ഒറ്റപ്പെട്ട ഒരു ക്രിസ്തീയജീവിതമല്ല; മാമോദീസായിലൂടെ നാം പ്രവേശിച്ച ത്രിത്വകൂട്ടായ്മയുടെ ജീവിതമാണ്. പിതാവായ ദൈവവുമായുള്ള പിതൃപുത്രബന്ധത്തിലും പരസ്പരമുള്ള സാഹോദര്യബന്ധത്തിലും ജീവിക്കുവാനുള്ള ഒരു വിളിയാണ് ക്രിസ്തീയജീവിതം. ഒരേ സ്വർഗീയപിതാവിന്റെ മക്കളെന്ന നിലയിൽ ദൈവമക്കൾക്കടുത്ത സാഹോദര്യം ജീവിക്കുന്ന ഒരു കുടുംബമാണ് സഭ. സഭയെ കേവലമൊരു മതമായി കാണുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നത് സഭയുടെ യഥാർത്ഥ സ്വഭാവത്തോടു നീതി പുലർത്തുന്നില്ല. ദൈവമക്കൾക്കടുത്ത ഒരു കുടുംബമെന്ന നിലയിൽ പരസ്പര സാഹോദര്യം ജീവിക്കുവാൻ സഭാംഗങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. ദൈവപുത്രനായ ഈശോയിൽ വിശ്വസിക്കുകയും, ഈശോയെ അനുഗമിക്കുകയും ചെയ്യുന്ന ശിഷ്യത്വജീവിതം അവശ്യം കുടുംബസ്വഭാവമുള്ള ഒരു സാഹോദര്യജീവിതമാണ്. ജനക്കൂട്ടത്തോടു പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ തന്റെ അമ്മയും സഹോദരരും തന്നെ കാണാൻ വന്ന സന്ദർഭത്തിൽ ഈശോ ഇപ്രകാരം പറയുന്നു: "ആരാണ് എന്റെ അമ്മ? ആരാണ് എന്റെ സഹോദരർ? തന്റെ ശിഷ്യരുടെനേരെ കൈ ചൂണ്ടിക്കൊണ്ട് അവൻ പറഞ്ഞു: ഇതാ, എന്റെ അമ്മയും സഹോദരരും. സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും" (മത്താ 12,48-50).

**ക്രൈസ്തവജീവിതവും സുവിശേഷപ്രഘോഷണവും**

മാമോദീസാ സ്വീകരിച്ച ഈശോ പരിശുദ്ധാരൂപിയുടെ ശക്തിയോടുകൂടി തന്റെ പരസ്യജീവിതത്തിലേക്കു പ്രവേശിക്കുകയും സുവിശേഷപ്രഘോഷണം നടത്തുകയും ചെയ്തു. "അവൻ അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും ജനങ്ങളുടെ എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും ഗലീലി മുഴുവൻ ചുറ്റിസഞ്ചരിച്ചു" (മത്താ 4,23). ദൈവരാജ്യത്തിന്റെ അഥവാ സ്വർഗരാജ്യത്തിന്റെ സുവിശേഷപ്രഘോഷണമായിരുന്നു ഈശോയുടെ പരസ്യജീവിതദൗത്യം: "അപ്പോൾമുതൽ ഈശോ പ്രസംഗിക്കാൻ തുടങ്ങി: മാനസാന്തരപ്പെടുവിൻ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ 4,17). ദൈവരാജ്യം എന്നതിന്റെ അർത്ഥം ദൈവഭരണമെന്നാണ്. പാപം ഭരിച്ചിരുന്ന മനുഷ്യസമൂഹത്തെ ദൈവത്തിന്റെ സ്നേഹം ഭരിക്കുന്ന സ്ഥിതിവിശേഷം സംജാതമാകുമ്പോൾ ദൈവരാജ്യം അഥവാ സ്വർഗരാജ്യം സ്ഥാപിതമാകും. ഈ ദൈവഭരണത്തിന്റെ പ്രഘോഷണമായിരുന്നു ഈശോയുടെ പരസ്യജീവിതത്തിൽ ഉപമകളിലൂടെയും അത്ഭുതങ്ങളിലൂടെയും പ്രാവർത്തികമായത്. ഇതിന്റെ സൂചനയാണ് ഈശോയ്ക്കു സാക്ഷ്യംവഹിച്ച സ്നാപകയോഹന്നാൻ, ഈശോയെ ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്നു വിശേഷിപ്പിക്കുന്നത് (യോഹ 1,29).

**പാപം: സ്നേഹമില്ലായ്മ**

ക്രിസ്തീയവിശ്വാസത്തിന്റെ വിഷയത്തെപ്പറ്റി യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിന്റെ മൂന്നാം അദ്ധ്യായത്തിൽ ഇപ്രകാരം പറയുന്നു: "സ്വർഗത്തിൽ നിന്നിറങ്ങിവന്ന മനുഷ്യപുത്രന

ല്ലാതെ മറ്റാരും ഇതുവരെ സ്വർഗത്തിൽ കയറിയിട്ടില്ല. മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ തന്നിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടാകേണ്ടതിന് മനുഷ്യപുത്രനും ഉയർത്തപ്പെടേണ്ടിയിരിക്കുന്നു" (യോഹ 3,13-14). ഈശോമിശിഹാ തന്നെക്കുറിച്ചുതന്നെയാണ് ഇവിടെ പ്രതിപാദിക്കുന്നത്. ദൈവത്തെ കണ്ട്, ദൈവത്തെ വെളിപ്പെടുത്തിത്തരുവാൻ കഴിവുള്ള, ദൈവപുത്രനും മനുഷ്യപുത്രനുമായ ഈശോയാണ് നമ്മുടെ വിശ്വാസത്തിന്റെ വിഷയം. ഈശോ സ്വർഗത്തെ അഥവാ ദൈവത്തെ വെളിപ്പെടുത്തിയത് തന്റെ കുരിശുമരണത്തിലൂടെയാണ്. താൻ കുരിശിലുയർത്തപ്പെട്ടത് മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെയാണെന്ന് ഈശോ പറയുന്നു. "മോശ പിച്ചളകൊണ്ട് സർപ്പത്തെയുണ്ടാക്കി അതിനെ വടിയിലുയർത്തി നിർത്തി. സർപ്പദംശനമേറ്റ് വിഷബാധിതരായവർ പിച്ചളസർപ്പത്തെ നോക്കുകയും ജീവിക്കുകയും ചെയ്തു (സംഖ്യ 21,9). അതുപോലെ ഈശോമിശിഹാ കുരിശിലുയർത്തപ്പെടുമെന്നും കുരിശിൽ ഉയർത്തപ്പെട്ട ഈശോയെ വിശ്വാസത്തോടെ നോക്കുന്നവരെല്ലാം പാപമാകുന്ന സർപ്പദംശനത്തിൽനിന്ന് മോചിപ്പിക്കപ്പെടുകയും ചെയ്യും എന്ന് യോഹന്നാൻശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നു.

അതേത്തുടർന്ന് കുരിശിലുയർത്തപ്പെടലിന്റെ സ്വഭാവം വിശദീകരിക്കുന്നത് ഇപ്രകാരമാണ്: "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16). അതായത്, കുരിശിലുയർത്തപ്പെട്ട ഈശോ പാപബദ്ധമായ മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തലായിരുന്നു. ഈ സ്നേഹമാണ് നമ്മുടെ വിശ്വാസത്തിന്റെ വിഷയം. അതുകൊണ്ട് ഈ സ്നേഹത്തിൽ വിശ്വസിക്കുകയും ആ സ്നേഹം ജീവിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥത്തിൽ ഈശോയിൽ വിശ്വസിക്കുന്നവർ. അപ്രകാരം വിശ്വസിക്കുന്ന മനുഷ്യരുടെ സമൂഹമാണ് സഭ.

**സ്നേഹത്തിന്റെ സുവിശേഷപ്രഘോഷണ സമൂഹം**

ഉത്ഥാനം ചെയ്ത ഈശോ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ട് അവർക്കു നല്കിയത് ലോകത്തിന്റെ പാപം നീക്കുവാനുള്ള ദൗത്യമാണ്. ഈശോ ഇപ്രകാരം ശിഷ്യന്മാരോടു പറയുന്നു: "നിങ്ങൾക്കു സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതുപറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ, അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,21-23). ലോകത്തിന്റെ പാപം നീക്കുന്ന തന്റെ ദൗത്യമാണ് ഇതിലൂടെ ഉത്ഥിതനായ മിശിഹാ ശിഷ്യന്മാരെ ഏല്പിക്കുന്നത്. അതുകൊണ്ട് സഭ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സുവിശേഷം ജീവിച്ചുകൊണ്ട് ലോകത്തിന്റെ പാപം നീക്കുന്ന ദൗത്യം നിർവഹിക്കുവാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണ്. അപ്രകാരം മിശിഹായുടെ സ്നേഹത്തിൽ ജീവിക്കുന്ന, കൂട്ടായ്മാസ്വഭാവവും കുടുംബാരൂപിയുമുള്ള ഒരു സമൂഹമായിട്ടാണ് ആദിമസഭ ജന്മംകൊണ്ടത്: "വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹമാകുകയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം പൊതുവായി കരുതുകയും ചെയ്തു. അവർ തങ്ങളുടെ സ്വത്തുക്കളും വസ്തുവകകളും വിറ്റ് ആവശ്യാനുസരണം എല്ലാവർക്കുമായി വീതിച്ചു" (ശ്ലീഹ 2,44-45). ഇപ്രകാരം കൂട്ടായ്മാസ്വഭാവവും കുടുംബാരൂപിയും പുലർത്തിക്കൊണ്ട് മിശിഹായുടെ സ്നേഹത്തിന്റെ സുവിശേഷപ്രഘോഷണം നടത്തുവാൻ സഭാംഗങ്ങളെല്ലാം വിളിക്കപ്പെട്ടിരിക്കുന്നു.



# പ്രകാശത്തിന്റെ വഴിയേ....

ജിനു നിരപ്പേൽ

"എടാ, നീയും ഞങ്ങളും തമ്മിൽ എന്താണ് വ്യത്യാസം? എല്ലാദിവസവും പള്ളിയിൽ പോകുന്ന നിനക്കും ഞങ്ങൾക്കും ഒരേ മാർക്ക് കിട്ടുന്നു. രാവിലെ പള്ളിയിൽ പോകാൻവേണ്ടി നീ കുറച്ച് സമയം കളയുന്നു... അല്ലാതെ എന്തു വ്യത്യാസം...?" അന്നു കൂട്ടുകാർ തന്നോട് ചോദിച്ച ചോദ്യം അവൻ ഓർത്തു. അന്ന് എത്ര നിരാശനായിട്ടായിരുന്നു അമ്മയുടെ അടുത്തുചെന്ന് ആ കാര്യങ്ങൾ ഞാൻ അവതരിപ്പിച്ചത്! ഇന്ന് കൂട്ടുകാർ ജോലിക്കുവേണ്ടി അലഞ്ഞുതിരിഞ്ഞു നടക്കുമ്പോൾ ഞാനിവിടെ നല്ല ശമ്പളത്തിൽ ജോലി തുടങ്ങിക്കഴിഞ്ഞു. അതിനു ശക്തിയായത് അമ്മയുടെ അന്നത്തെ വാക്കുകൾ ആയിരുന്നു... "മോനേ, ഈശോയെ കൂട്ടുപിടിച്ചു നടക്കുന്നതാണ് നല്ലത്. നീ വീഴുമെന്ന് നിനക്ക് തോന്നുമ്പോഴും അവൻ വെളിച്ചമായി നിന്റെ കൂടെയുണ്ടാവും. നിനക്ക് ഇപ്പോൾ അത് മനസ്സിലാവുകയില്ല. ഭാവിയിൽ നിനക്ക് അത് ദൈവം വെളിപ്പെടുത്തി തന്നുകൊള്ളും". ഈ ഓർമ്മകൾക്ക് മങ്ങലൊട്ടും ഏശിയിട്ടില്ല....

ഒരു പ്രവചനംപോലെ അമ്മ പറഞ്ഞ ആ വാക്കുകളായിരുന്നു അവനെ ഈശോയിലേക്ക് കൂടുതൽ അടുപ്പിച്ചത്. പതിയെ അവൻ സ്കൂളിലും വീട്ടിലും മറ്റുള്ളവർക്ക് സഹായിയായും ആശ്വാസകനായും ഒക്കെ അറിയപ്പെട്ടു തുടങ്ങി. അവനെ ഏൽപ്പിക്കുന്ന കാര്യങ്ങളൊക്കെ കൃത്യമായി ചെയ്യാൻ ദൈവം അവനെ സഹായിച്ചു. അനുകൂലമായ സാഹചര്യങ്ങൾ മാത്രമായിരുന്നില്ല അവൻ നേരിട്ടത്. പക്ഷേ ഏതു സാഹചര്യങ്ങളെയും അനുകൂലമാക്കാൻ പറ്റുന്നവന്റെ കയ്യിൽ അവൻ പിടിച്ചിട്ടുണ്ടായിരുന്നു.

ഈശോയിലേക്ക് ഒന്നു തിരിയാം... അന്ന് ജോർദാനിൽവച്ച് ജനങ്ങളിൽ ഒരുവനായി വന്ന് സ്നാനം സ്വീകരിച്ചു.... പരസ്യജീവിതകാലം മുഴുവൻ അവരിൽ ഒരുവനായി നടന്നു.... ലോകത്തിന്റെ പ്രകാശമായി വന്ന അവനെ അറിഞ്ഞവർ അവനിൽ വിശ്വസിച്ചു. വിശ്വസിച്ചവർ അവനെ അനുഗമിച്ചു. അവൻ ഇന്നും ജീവിക്കുന്നു. നിന്റെ ജീവിതത്തിന്റെ പ്രകാശമായി.... പ്രകാശം മറഞ്ഞിരിക്കുകയില്ല; മറിച്ചു പ്രശോഭിക്കുകയേയുള്ളൂ. നിന്നിൽ ഈ നിത്യപ്രകാശം കുടികൊള്ളുന്നുവെങ്കിൽ നിന്റെ ജീവിതവും പ്രകാശിക്കും. അപ്പോൾ അന്യരുടെ വേദനകളിൽ നീയും പങ്കുചേരും.

യൂദാസ് ഈശോയോടുകൂടെ നടന്നു. സ്നേഹിക്കുന്നവനായിട്ടല്ല അവൻ കൂടെ നടന്നത്. അവൻ ശ്രദ്ധിച്ചത് ഈശോയുടെ ചുറ്റും കൂടുന്ന പുരുഷാരത്തെയും അതുപോലെതന്നെ അവൻ ചെയ്യുന്ന അത്ഭുതങ്ങളെയും അവനു ലഭിക്കുന്ന ബഹുമാനങ്ങളും മറ്റുമൊക്കെയാണ്.... അതുകൊണ്ടാണ് യൂദാസിന് കൂടെ നടക്കുന്നവന്റെ സ്നേഹം കാണാൻ കഴിയാതെപോയത്.

അവന്റെ പ്രകാശത്തോട് അടുത്തുനിൽക്കാൻ സാധിക്കാതെ പോയതും. ഈശോ പ്രകാശമായവനാണ്. അവന്റെകൂടെ നടന്നാൽ, അവനാൽ നിറയപ്പെട്ടാൽ, അവനെ കൊടുക്കുവാൻ നിനക്കായാൽ, നിന്റെ ജീവിതവും പ്രകാശപൂരിതമാകും....

നിന്റെ ജീവിതയാത്രകളിൽ നീ ചിലപ്പോഴൊക്കെ ചില ആളുകളെ കണ്ടുമുട്ടിയിട്ടുണ്ടാകും. അവരുടെ അടുത്തുനിന്നാൽ നമുക്കും കൂടി സന്തോഷം അനുഭവവേദ്യമാകുന്നത് അത്ഭുതത്തോടെ അനുഭവിച്ചിട്ടുണ്ടാകും. ചിലർ അങ്ങനെയാ.... എങ്ങനെയിതു സാധ്യമാകും...? ഈശോയെ സ്നേഹിച്ചു സ്നേഹിച്ച് അവനിൽ അലിയും. ജീവിതത്തിൽ പ്രശ്നങ്ങളില്ലാഞ്ഞിട്ടല്ല, ജീവിതപ്രശ്നങ്ങളൊക്കെ ഏറ്റെടുക്കാൻ കഴിവുള്ളവൻ കൂടെയുണ്ടെന്നുള്ള വിശ്വാസം അവർക്കുണ്ട് അതിനാലാണ്....

ശിഷ്യന്മാർ ഈശോയുടെ കൂടെ നടന്നു. ഇടയ്ക്ക് അവരും ചോദിച്ചു, 'നിന്റെ കൂടെ നടന്നാൽ ഞങ്ങൾക്ക് എന്ത് കിട്ടും'? ചിലപ്പോഴൊക്കെ ഒരു സംശയം തോന്നാറുണ്ട്, നാമൊക്കെ ഈശോയുടെ കൂടെ നടക്കുന്നത് എന്തെങ്കിലും കിട്ടാൻവേണ്ടി മാത്രമാണോ...? കിട്ടിയതിനൊക്കെ നന്ദി പറഞ്ഞുകൊണ്ട് അവന്റെ കൂടെ നടക്കാം. അവന്റെ സാന്നിധ്യം ശക്തിയാണ്, ജീവനാണ്; സ്വാർത്ഥതയിൽനിന്ന് നമ്മെ പുറത്തു കൊണ്ടുവരുന്നതാണ്. ഈശോ മാമോദീസാ സ്വീകരിച്ചപ്പോൾ സ്വർഗത്തിൽ നിന്ന് ഒരു സ്വരം കേട്ടു: 'ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈകദൈവം ലോകത്തിനു തന്നെ വെളിപ്പെടുത്തിയ മനോഹരമായ നിമിഷം.... ഈ ത്രിത്വൈക കൂട്ടായ്മയിലേക്കാണ് ദൈവം നമ്മെയൊക്കെ വിളിച്ചിരിക്കുന്നത്. പരിശുദ്ധ കുർബാനയിലൂടെ അവിടുത്തെ ഈ സാന്നിധ്യം നിരന്തരം അനുഭവിക്കാൻ അവിടുന്ന് നമ്മെ വിളിച്ചിരിക്കുന്നു. നമുക്കും കൂടുതൽ കൂടുതൽ ആ സ്നേഹത്തിന്റെ ആഴങ്ങളിലേയ്ക്ക് ഇറങ്ങാം.... അവന്റെ പ്രകാശത്തിൽ നടക്കാം. സാഹചര്യങ്ങൾ ഒരിക്കലും അനുകൂമായെന്നു വരില്ല. പക്ഷെ അവൻ കൂടെയുണ്ട്....

***"നമ്മുടെ ഹൃദയം എന്തിനാൽ നിറയപ്പെട്ടിരിക്കുന്നുവോ അതായിരിക്കും നാം മറ്റുള്ളവർക്കു കൊടുക്കുന്നത്. ദൈവസ്നേഹത്തിലും മനുഷ്യസ്നേഹത്തിലും നിറഞ്ഞ ഹൃദയം നമ്മെയും മറ്റുള്ളവരെയും ജീവിപ്പിക്കുന്നു. മറിച്ച് നമ്മുടെ ഹൃദയം വരണ്ടതും ശൂന്യവുമാണെങ്കിൽ തീർച്ചയായും അത് സ്വാർത്ഥതയാൽ നിറയപ്പെടും".***

*(ദൈവദാസൻ വില്യം ജകൂീന്താ)*





# മിശിഹായുടെ "ദനഹാ" ലോകത്തിന്റെ പ്രതീക്ഷ

**ഫാ. ജോസഫ് പുതുവീട്**
ചങ്ങനാശ്ശേരി അതിരൂപത

പ്രത്യക്ഷവത്കരണം, ഉദയം, ആവിഷ്കാരം, വെളിപാട് എന്നൊക്കെയാണ് "ദനഹാ" എന്ന വാക്കിന്റെ അർത്ഥം. മനുഷ്യാവതാരത്തിലൂടെ ദൈവം ഈ ലോകത്തിൽ ആഗതനായെങ്കിലും, അവിടുത്തെ പ്രത്യക്ഷവത്കരണം ആരംഭിക്കുന്നത് യോർദ്ദാൻ നദിയിൽ സ്നാപകയോഹന്നാനിൽനിന്ന് മാമോദീസാ സ്വീകരിക്കുന്നതിലൂടെയാണ്. ഈശോ സ്വയം ലോകത്തിനു വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അതു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു: "സ്നാനം കഴിഞ്ഞയുടൻ ഈശോ വെള്ളത്തിൽനിന്നു കയറി. അപ്പോൾ സ്വർഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെമേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് ഒരു സ്വരം സ്വർഗത്തിൽനിന്നു കേട്ടു" (മത്താ 3,16-17). ഈശോമിശിഹായുടെ മാമോദീസായിലൂടെ ത്രിത്വരഹസ്യം വെളിവാക്കപ്പെട്ടു. ക്രൈസ്തവവിശ്വാസത്തിന്റെ അന്തഃസത്ത നമ്മൾ വിശ്വസിക്കുന്ന ദൈവം പരിശുദ്ധത്രിത്വം ആണെന്നുള്ളതാണ്. ദനഹാകാലത്ത് ഈശോയുടെ മാമോദീസാ അനുസ്മരിക്കുന്നതോടൊപ്പം ഓരോ ക്രൈസ്തവനും തന്റെതന്നെ മാമോദീസാ സ്വീകരണത്തെയും അതിലൂടെ ഏറ്റെടുത്ത ഉത്തരവാദിത്വത്തെയുംപറ്റി ഗാഢമായി ചിന്തിക്കേണ്ടതാണ്. ക്രിസ്തീയ മാമോദീസായെന്നത് ഈശോയുടെ മരണത്തിലും

ഉത്ഥാനത്തിലുമുള്ള പങ്കുചേരലാണെന്ന് (റോമാ 6,3) പൗലോസ് ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു. ഇത്തരത്തിൽ, 'വെളിപ്പെടുത്തപ്പെട്ട മിശിഹാരഹസ്യത്തെ' തങ്ങളുടെ ജീവിതങ്ങളിലൂടെ സാക്ഷ്യപ്പെടുത്തിയ വിശുദ്ധാത്മാക്കളെ ദനഹാക്കാലത്തെ വെളിയാഴ്ചകളിൽ സഭ അനുസ്മരിക്കുന്നു.

**1. ദൈവത്തിന്റെ വെളിപ്പെടുത്തൽ**

ദനഹായിൽ നടന്ന ഏറ്റവും വലിയ വെളിപ്പെടുത്തൽ ഈശോയാണ്. ഈശോ ദൈവം ആണെന്ന് വെളിപ്പെട്ടു. ഈശോയിൽ പരിശുദ്ധ ത്രിത്വം വെളിപ്പെട്ടു. ഈശോ ത്രിത്വത്തിന്റെ 'ദനഹാ' ആയി മാറുന്നു. നമ്മൾ വിശ്വസിക്കുന്ന ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവമാണെന്ന് വെളിപ്പെട്ടു. ഈശോ പരിശുദ്ധ ത്രിത്വത്തെ തന്റെ ജീവിതത്തിൽ വെളിപ്പെടുത്തിയതുപോലെ നമ്മുടെ സാധാരണ ജീവിതസാഹചര്യങ്ങളിൽ മിശിഹായുടെ വെളിപാടുകളായി നമ്മുടെ ജീവിതങ്ങളെ മാറ്റുക എന്നതാണ് നമ്മുടെ ജീവിതദൗത്യം. ഈശോയുടെ മാമോദീസാ സമയത്ത് ദൈവികരഹസ്യമായ ത്രിത്വത്തിന്റെ വലിയ ഇടപെടൽ ഉണ്ടായതുകൊണ്ടു പൗരസ്ത്യസഭകളിൽ ഈ ആഘോഷം 'തിയോഫനി' എന്ന പേരിലാണ് അറിയപ്പെടുന്നത്. പരമ്പരാഗതമായി 'തിയോഫനി' എന്ന പദം പുരാതന ഗ്രീക്കിലും സമീപ കിഴക്കൻ മതങ്ങളിലും ദൈവങ്ങളുടെ പ്രത്യക്ഷതയെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്നു. ദൈവം തന്നെത്തന്നെ മനുഷ്യവർഗത്തിന് വെളിപ്പെടുത്തിയെന്ന് ബൈബിൾ പറയുന്നു. ഈ പ്രപഞ്ചം മുഴുവനും, നമ്മുടെ സാധാരണ ജീവിതം മുഴുവനും ദൈവത്തിന്റെ വെളിപ്പെടുത്തലുകളാണ്. രാത്രിയുടെ ഇരുളിനെ വകഞ്ഞുമാറ്റി ഉദിച്ചുയരുന്ന സൂര്യൻ മുതൽ സൗരയൂഥങ്ങളും, ആകാശങ്ങളും എന്തെന്ത് വിസ്മയങ്ങളൊരുക്കിയാണ് ദൈവിക വെളിപാടുകളുടെ അടയാളങ്ങളാകുന്നത്. വിത്തിനകത്ത് ഒളിച്ചിരിക്കുന്ന വൃക്ഷവും ചെടികളിൽ വിടരുന്ന പുഷ്പങ്ങളും ഫലങ്ങളും ജനിച്ചു വീഴുന്ന ഓരോ ജീവനും ദൈവത്തിന്റെ വെളിപാടുകളാണ്. മനുഷ്യനിലെ അത്ഭുതങ്ങളിലൂടെ വിടരുന്ന ദൈവത്തിന്റെ വെളിപാടുകൾ അനവധിയാണ്. നമ്മുടെ മാതാപിതാക്കളും ഈ ലോകത്തിൽ ദൈവത്തിന്റെ വെളിപാടാണ്. നമ്മൾ തന്നെയും ഈ പ്രകൃതിയുമെല്ലാം ദൈവത്തിന്റെ വെളിപാടുകളല്ലേ? നാം അറിഞ്ഞും അറിയാതെയും എത്രയോ വട്ടമാണ് മിശിഹാ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ളത്! ദൈവത്തിന്റെ വെളിപാടുകളായി ജീവിതത്തെ മുഴുവൻ കാണുവാൻ സാധിക്കുക - അതാണ് ദനഹാക്കാലത്തിന്റെ ചൈതന്യമെന്ന് പറയുന്നത്. ആൽബർട്ട് ഐൻസ്റ്റീൻ പറയുന്നു: "Either you can live like nothing is miracle or you can live as if everything is miracle". ഒന്നുകിൽ ഒന്നും അത്ഭുതമല്ല, അല്ലെങ്കിൽ എല്ലാം അത്ഭുതമാണ്. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്ന അത്ഭുതം!

**2. ഈശോയുടെ മാമോദീസാ**

'ഇതാ ദൈവത്തിന്റെ കുഞ്ഞാട്, ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്നവൻ' (യോഹ 1,29) എന്ന സ്നാപകയോഹന്നാന്റെ വാക്കുകൾ ഈശോയുടെ മാമോദീസായിൽ നിറവേറി. രക്ഷകന്റെ ജനനത്തിന്റെ പ്രാധാന്യം കൂടുതൽ അർഥവത്താകുന്നത് അവിടുത്തെ മാമോദീസായിലൂടെയാണ്. മാമോദീസായിലൂടെ വിശുദ്ധ ജീവിതത്തിലേക്ക് കടന്നുവരാൻ ഈശോയുടെ മാമോദീസാ നമ്മെ ഓർമിപ്പിക്കുന്നു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ 'നസ്രത്തിലെ ഈശോ' എന്ന തന്റെ ഗ്രന്ഥത്തിൽ പറയുക ഇപ്രകാരമാണ്: "മനുഷ്യവർഗത്തിന്റെ

കുറ്റത്തിന്റെ മാറാപ്പു മുഴുവൻ തന്റെ ചുമലിൽ അവൻ എടുത്തുവച്ചു; ജോർദാന്റെ ആഴങ്ങളിലേക്ക് കാലെടുത്തുവച്ച് അവൻ തന്റെ പരസ്യജീവിതം ആരംഭിച്ചു''. മനുഷ്യകുലത്തിന്റെ പാപത്തിനുവേണ്ടി മരിക്കുവാനുള്ള സന്നദ്ധതയാണ് ഈശോയുടെ മാമോദീസാ. ദൈവപുത്രൻ എന്ന നിലയ്ക്ക് ഈശോയ്ക്ക് സ്നാനം സ്വീകരിക്കേണ്ട കാര്യമില്ലായിരുന്നു. എങ്കിലും മനുഷ്യരോടുള്ള സ്നേഹത്തെപ്രതി, നമ്മുടെ പാപങ്ങൾക്കു പരിഹാരമായി പിതാവിന്റെ പദ്ധതിയോടുചേർന്ന് നമ്മോടു താദാത്മ്യപ്പെടാനായി, ഈശോ സ്നാപകനിൽനിന്നും ജലം കൊണ്ടുള്ള സ്നാനം സ്വീകരിച്ചു. സൃഷ്ടിയുടെ ആരംഭത്തിൽ ജലത്തിനുമേൽ ചലിച്ചുകൊണ്ടിരുന്ന പരിശുദ്ധാത്മാവ് (ഉല്പ 1,2) ആ നിമിഷത്തിൽ ഈശോയുടെ മേൽ ഇറങ്ങിവരികയും പുതിയ സൃഷ്ടിയുടെ ആരംഭം കുറിക്കുകയും ചെയ്തു. തന്റെ പുനരുത്ഥാനത്തിനുശേഷം ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോൾ ഈശോ ഈ കല്പന നല്കി: "ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമോദീസാ നല്കുവിൻ. ഞാൻ നിങ്ങളോടു കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28,19-20).

### 2.1. മാമോദീസാ തിരുസ്സഭയിൽ

പന്തക്കുസ്തായുടെ ദിവസം തന്റെ പ്രഭാഷണം കേട്ടു വിസ്മയഭരിതരായ ജനക്കൂട്ടത്തോട് പത്രോസ്ശ്ലീഹാ അനുതപിക്കാനും ഈശോമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കാനും ആവശ്യപ്പെടുന്നുണ്ട് (അപ്പ 2,38). ശ്ലീഹന്മാരും അവരുടെ ശിഷ്യന്മാരും സഹപ്രവർത്തകരുമെല്ലാം ഈശോയിൽ വിശ്വസിക്കുന്ന എല്ലാവർക്കും മാമോദീസാ നല്കിയിരുന്നതായി കാണാവുന്നതാണ് (അപ്പ 16,31-33). പൗലോസ്ശ്ലീഹായുടെ വീക്ഷണത്തിൽ മാമോദീസാ സ്വീകരിക്കുന്ന വിശ്വാസി ഈശോയുടെ മരണവുമായി ഐക്യപ്പെടുന്നു, അവിടുത്തോടൊപ്പം സംസ്കരിക്കപ്പെടുന്നു, അവിടുത്തോടൊപ്പം ഉയിർപ്പിക്കപ്പെടുകയും ചെയ്യുന്നു (റോമാ 6,3-4). മാമോദീസാ മുങ്ങുന്നവർ ഈശോയെ ധരിക്കുകയാണു ചെയ്യുന്നത് (ഗലാ 3,27). മാമോദീസായെക്കുറിച്ച് വിശുദ്ധ അപ്രേം പറയുന്നതിങ്ങനെയാണ്: 'യോർദാനിലെ ഈശോയുടെ സാന്നിധ്യം എല്ലാ മാമോദീസാജലത്തെയും വിശുദ്ധീകരിച്ചു'. യോഹന്നാനിൽനിന്ന് സ്നാനം സ്വീകരിക്കുമ്പോൾ ഈശോ ചെറിയവൻ ആകുകയാണ്. എന്നാൽ അപ്പോളാണ് അവൻ ദൈവപുത്രനായി വെളിപ്പെടുത്തുന്നത്. മറ്റുള്ളവരുടെ മുന്നിൽ സ്വയം ചെറുതാകുമ്പോൾ നമ്മിൽ ദൈവപുത്രത്വമാണ് വെളിപ്പെടുന്നത്. ദൈവം സ്വയം ചെറുതായതിന്റെ കൂദാശയാണ് വി. കുർബാന. അതിനുള്ള ഒരുക്കമാണ് മാമോദീസായിൽ ആരംഭിക്കുന്നത്.

### 2.2. ദൈവിക സാദൃശ്യത്തിന്റെ പുനഃസ്ഥാപനം

വിശുദ്ധ അപ്രേമിന്റെ വാക്കുകളിൽ, 'ദൈവം വരച്ച ദൈവികഛായയെ, ആദം പാപംമൂലം അന്ധകാരമയമാക്കി. കർത്താവാകട്ടെ, തന്റെ മാമോദീസാവഴി ദൃശ്യമായ നിറങ്ങളോടെ ഈ രാജകീയഛായയെ വീണ്ടും അവനിൽ വരച്ച് അതിനെ പഴയ തെളിമയിലേക്ക് തിരികെ കൊണ്ടുവന്നു'. ക്രൈസ്തവജീവിതത്തിന്റെ മുഴുവൻ അടിസ്ഥാനമാണ് മാമോദീസാ. ഈശോയുടെതന്നെ മാതൃകയും (മത്താ 3,13) കല്പനയുമാണ് (മത്താ 28,19) ക്രൈസ്തവമാമോദീസായുടെ അടിസ്ഥാനം. ആദിമ സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ ഈശോയുടെ മാമോദീസായാണ് ക്രിസ്തീയമാമോദീസായുടെ അടിസ്ഥാനം. അതിനാൽ, മാമോദീസാ മിശിഹായുടെ ആട്ടിൻതൊഴുത്താകുന്ന സഭയിലേക്കുള്ള പ്രവേശനമായി മാറുന്നു (യോഹ 10,9; മർക്കോ 16,16). ആത്മീയജീവനിലേക്ക് പ്രവേശിക്കാനുള്ള കവാടവും മറ്റു

കൂദാശകളെ സമീപിക്കാനുള്ള വാതിലുമാണത്. മരണത്തിന്റെ രാജ്യത്തുനിന്ന് ജീവനിലേക്കുള്ള മാർഗവും സഭയിലേക്കുള്ള കവാടവും ദൈവവുമായുള്ള നിത്യസംസർഗത്തിന്റെ ആരംഭവുമാണ് ക്രിസ്തീയമാമോദീസാ.

**3. പരിശുദ്ധ ത്രിത്വം എന്ന രഹസ്യം**

ത്രിത്വൈക ദൈവത്തിന്റെ അസ്തിത്വത്തിന് ഈശോയുടെ മാമോദീസാ വെളിച്ചം നൽകി. ദൈവം വെളിപ്പെടുത്തിയ സനാതന സത്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണെങ്കിലും മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണ് പരിശുദ്ധ ത്രിത്വം എന്ന രഹസ്യം. ദൈവം ഒന്നേയുള്ളൂ എന്നും ആ ദൈവത്തിൽ മൂന്ന് ആളുകൾ ഉണ്ട് എന്നും നമ്മൾ വിശ്വസിക്കുന്നു. ഈശോയുടെ മാമോദീസാവേളയിൽ ത്രിത്വത്തിലെ മൂന്ന് ആളുകളുടെയും സാന്നിധ്യമുണ്ടായി. ത്രിത്വത്തിലെ ഒന്നാം ആളായ പിതാവായ ദൈവത്തിന്റെ ശബ്ദം മാറ്റൊലി കൊണ്ടു. "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു". മനുഷ്യാവതാരം ചെയ്ത ഈശോയിൽ പുത്രനായ ദൈവം വെളിപ്പെടുന്നു. ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ പ്രത്യക്ഷനാവുകയും ചെയ്തു. ദൈവം സ്വഭാവത്തിൽ ഏകനാണെന്നും ഉണ്മയിൽ പിതാവും പുത്രനും പരിശുദ്ധ റൂഹായും ആണെന്നുമുള്ള രഹസ്യം വെളിപ്പെടുത്തപ്പെടുന്നു. സ്വഭാവത്തിൽ തുല്യരാണ് ത്രിത്വത്തിലെ മൂന്നാളുകളും. പിതാവ് പുത്രനിൽ നിന്നും പരിശുദ്ധ റൂഹായിൽ നിന്നും വ്യത്യസ്തനാണ്. പിതാവല്ല പുത്രൻ; പുത്രൻ അല്ല പരിശുദ്ധാത്മാവ്. എന്നാൽ മൂന്നാളുകളും പ്രകൃതിയിൽ ഒന്നാണ്. മൂന്ന് ആളുകളിലും ആന്തരികമായി ഒരേ പ്രകൃതിയാണുള്ളത് എന്ന നിലയിൽ ദൈവം ഏകനാണെങ്കിലും വ്യക്തിത്വത്തിൽ ത്രിത്വത്തിലെ മൂന്നുപേരും വ്യത്യസ്തരാണ്. ഒരേ സമയം ഐക്യവും വ്യത്യസ്തതയും ഏറ്റവും പൂർണമായി കൂടിച്ചേരുന്നത് പരിശുദ്ധ ത്രിത്വത്തിലാണ്. എല്ലാവർക്കും വ്യത്യസ്തത അവകാശമാണ്. അതേസമയം ഈ വ്യത്യസ്തത ഐക്യം നശിപ്പിക്കാൻ പാടില്ല. എല്ലാവരും ഒരുപോലെയാവണം എന്നു പറയുന്നത് ത്രിത്വത്തിന്റെ ആത്മീയതയല്ല. ഐക്യം ഇല്ലാത്ത വ്യത്യസ്തതയും വ്യക്തിത്വമില്ലാത്ത ഐക്യവും തെറ്റാണ്. മാമോദീസായിൽ പിതാവ് നമ്മെ തന്റെ ദത്തുപുത്രരായി സ്വീകരിക്കുന്നു. രണ്ടാമതായി പുത്രൻ നമ്മെ തന്നോട് ഐക്യപ്പെടുത്തുന്നു. മൂന്നാമതായി പരിശുദ്ധാത്മാവ് നമ്മിൽ ആവസിക്കുന്നു. നാം ചിലപ്പോൾ അറിയുകയോ അനുഭവിക്കുകയോ ചെയ്യുന്നില്ലെങ്കിലും ഓരോ മാമോദീസായിലും സംഭവിക്കുന്ന കാര്യമാണിത്.

**ഉപസംഹാരം**

മാമോദീസായിലൂടെ മിശിഹായുടെ സഭയിൽ അംഗങ്ങളായിത്തീരുന്ന ക്രൈസ്തവർ, പരിശുദ്ധാത്മാവിന്റെ കൃപയിൽ നിറഞ്ഞ് തങ്ങളുടെ ജീവിതത്തിലൂടെ മിശിഹായെ വെളിപ്പെടുത്തുവാൻ തയ്യാറാകുന്നിടത്താണ് മിശിഹായുടെ വെളിപാടുകളായി നമ്മൾ മാറുന്നത്. ഓരോ ക്രൈസ്തവനും, തിരുസ്സഭയോടുചേർന്ന് ചിന്തയിലും വാക്കിലും പ്രവൃത്തിയിലും മിശിഹായെ ലോകത്തിന് വെളിപ്പെടുത്തുക. ഈശോയെ അടുത്തറിഞ്ഞ്, അവിടുത്തെ തീവ്രമായി സ്നേഹിച്ച്, ദൈവമക്കളായി ജീവിച്ച് മിശിഹായെ വെളിപ്പെടുത്തുവാൻ പരിശ്രമിക്കേണ്ട സന്ദർഭമാണ് ദനഹാകാലം. ലോകരക്ഷകനായ മിശിഹായുടെ സുവിശേഷം ക്രിസ്തുമതത്തിന്റെ ചൈതന്യമായി, അലങ്കാരമായി തിളങ്ങിനിന്ന ആദിമകാലങ്ങളിലെ ആയിരക്കണക്കിന് വിശുദ്ധരുടെ ജീവിതങ്ങളും രക്തസാക്ഷികളുടെ ജീവിതങ്ങളും മിശിഹായുടെ വെളിപാടുകളായിരുന്നു. നമ്മുടെ ജീവിതത്തിന്റെ സാധാരണ സാഹചര്യങ്ങളിൽ ജീവിതംകൊണ്ടും ജീവൻ കൊടുത്തും മിശിഹായെ പ്രഘോഷിക്കുമ്പോൾ നമ്മൾ മിശിഹായുടെ വെളിപാടുകളാവുകയാണ്; പരിശുദ്ധ ത്രിത്വത്തിന്റെ ദനഹായായി തീരുകയാണ്.

# അബിയാ



**ഷിജി പറപ്പള്ളിയാത്ത്**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

റഹോബോവാമിന്റെയും അബ്സലോമിന്റെ മകൾ മിക്കായായുടെയും മകനാണ് അബിയാ. പിതാവായ റഹോബോവാമിന്റെ കാലശേഷം യൂദയായുടെ രണ്ടാമത്തെ രാജാവായി അബിയാ ഭരണമേറ്റു. കർത്താവിന്റെ സന്നിധിയിൽ വിശ്വസ്തമായി വ്യാപരിക്കാത്ത ഹൃദയത്തിന് ഉടമയായിരുന്നു അവൻ. എങ്കിലും ദാവീദിനോട് ചെയ്ത വാഗ്ദാനപ്രകാരം അവനെ കർത്താവ് കടാക്ഷിച്ചു. “എങ്കിലും എന്റെ നാമം നിലനിർത്താൻ ഞാൻ തിരഞ്ഞെടുത്ത ജറുസലേം നഗരത്തിൽ എന്റെ മുമ്പിൽ എന്റെ ദാസനായ ദാവീദിന് സദാ ഒരു ദീപം ഉണ്ടായിരിക്കാൻ അവന്റെ പുത്രനു ഞാൻ ഒരു ഗോത്രം നൽകും” (1 രാജാ 11,36).

അബിയായുടെ ഭരണകാലത്ത് ഇസ്രായേലിന്റെ രാജാവായ ജറോബോവാവുമായി നിരന്തരം യുദ്ധം നടന്നിരുന്നു. എഫ്രായിം മലമ്പ്രദേശത്തുവച്ച് തന്റെ നാലുലക്ഷം യോദ്ധാക്കളുമായി അബിയാ ജറോബോവാമിനോട് യുദ്ധത്തിന് പുറപ്പെട്ടു. ഇസ്രായേല്യരാകട്ടെ എട്ടു



ലക്ഷം വീരയോദ്ധാക്കളെയാണ് അണിനിരത്തിയത്. സെമരായിം മലയിൽനിന്നുകൊണ്ട് അബിയാ ഉറക്കെ വിളിച്ചു പറഞ്ഞു "ജറോബോവാമും സകല ഇസ്രായേല്യരും കേൾക്കട്ടെ. ഇസ്രായേലിന്റെ ദൈവമായ കർത്താവ് ലവണയുടമ്പടിയാൽ ദാവീദിനും പുത്രന്മാർക്കും ഇസ്രായേലിന്റെ രാജത്വം ശാശ്വതമായി നൽകിയിരിക്കുന്നത് നിങ്ങൾക്കറിഞ്ഞുകൂടെ?" (2 ദിന 13,4-5). ദൈവമായ കർത്താവും ദാവീദ് വംശവുമായുള്ള ബന്ധത്തിന്റെ ആഴം അബിയാ തുറന്നു വയ്ക്കുന്നു. ജറോബോവാം സോളമന്റെ ദാസനായിരിക്കെ റഹോബോവാമിനെ ആക്രമിക്കുകയും പ്രായവും പക്വതയും എത്താത്ത അവന് ശത്രുവിനോടു ചെറുത്തു നിൽക്കാനായില്ലെന്നും അബിയാ വെളിപ്പെടുത്തി. എന്നാൽ ദാവീദ് വംശത്തിന്റെ രാജത്വം ശാശ്വതമാണെന്നും അതിനെ ചെറുത്തു നിൽക്കാനാവില്ലെന്നും അഹറോന്റെ പുത്രന്മാർക്ക് ലഭ്യമായ പൗരോഹിത്യവും ലേവ്യരുടെ അവകാശവും നിഷേധിക്കാൻ പാടില്ലാത്തതാണെന്നും അബിയാ സമർത്ഥിക്കുന്നു. കർത്താവാണ് തങ്ങളുടെ ദൈവമെന്നും അവിടുത്തെ യൂദാ പരിത്യജിച്ചിട്ടില്ലെന്നും സൂചിപ്പിക്കുന്നു. രാവിലെയും വൈകുന്നേരവും ദഹനബലിയർപ്പിക്കുകയും സായാഹ്നത്തിൽ തെളിയിക്കാൻ പൊൻവിളക്കുകാലും വിളക്കുകളും സൂക്ഷിക്കുകയും ചെയ്യുന്നതു പതിവുശീലമാക്കിയ ദൈവജനത്തിന്റെ അനന്യഭാവത്തെ അബിയാ അനുസ്മരിച്ചു. "ദൈവമാണ് തങ്ങളുടെ നായകൻ" എന്ന് ധൈര്യപൂർവ്വം യൂദാരാജാവ് വിളിച്ചു പറയുന്നു.

തന്റെ പ്രസംഗം വിഫലമാണെന്നു കണ്ടപ്പോൾ അബിയാ ജറോബോവാമിനെതിരെ നാലുലക്ഷം വീരപരാക്രമികളെയുംകൂട്ടി യുദ്ധത്തിനു പുറപ്പെട്ടു. ജറോബോവാമാകട്ടെ എട്ടു ലക്ഷം യുദ്ധവീരന്മാരോടൊപ്പം വന്ന് കുറേയാളുകളെ സൈന്യത്തിന്റെ മുമ്പിലും പതിയിരിപ്പുകാരെ പിന്നിലും നിർത്തി യുദ്ധം ആരംഭിച്ചു. മുന്നിലും പിന്നിലും ആക്രമണമുണ്ടായപ്പോൾ യൂദാ സൈന്യം കർത്താവിനോട് നിലവിളിച്ചു. പുരോഹിതന്മാർ കാഹളമൂതി, യൂദാ സൈന്യം പോർവിളി നടത്തി. അവർ ആർത്തുവിളിച്ചപ്പോൾ അബിയായുടെയും യൂദായുടെ മുമ്പിൽ ജറോബോവാമും ഇസ്രായേലും പരാജിതരായി. അങ്ങനെ ഇസ്രായേൽ സൈന്യം യൂദായുടെ മുമ്പിൽ തോറ്റോടി. ദൈവം അവരെ യൂദായുടെ കൈകളിൽ ഏൽപ്പിച്ചു. ഇസ്രായേലിന്റെ അഞ്ചു ലക്ഷം വീരയോദ്ധാക്കളെ അബിയായുടെ സൈന്യം കൂട്ടക്കൊല നടത്തി.

സൈന്യബലത്തേക്കാൾ യൂദാ ദൈവത്തിൽ ആശ്രയിച്ചതിനാലാണ് അബിയായ്ക്ക് വിജയം കൈവരിക്കാൻ കഴിഞ്ഞത്. ദാവീദ് രാജാവിനും പുത്രന്മാർക്കും ഇസ്രായേലിന്റെ ദൈവമായ കർത്താവുമായുള്ള ലവണയുടമ്പടിയെപ്പറ്റി അവന് നല്ല ബോധ്യമുണ്ടായിരുന്നു. സംഖ്യാബലത്തേക്കാൾ ദൈവം നായകനായുള്ള ജനത്തിന്റെ വിജയം സുനിശ്ചിതമാണെന്ന് അദ്ദേഹം വെളിപ്പെടുത്തി. രാവിലെയും സായാഹ്നത്തിലും വൈകുന്നേരവും നടത്തുന്ന ദഹനബലിയും ദൈവസ്മരണയും വിലപ്പെട്ടതായി കാണുന്ന അബിയാരാജാവ്.... അവന്റെ ബോധ്യങ്ങൾ ദൃഢവും ചലനാത്മകവുമായിരുന്നതിനാൽ വിജയം വരിക്കാൻ സാധിച്ചു.

ഇന്ന് നമ്മുടെ ദൈവാശ്രയത്തിന്റെയും ദൈവസ്മരണയുടെയും ആഴം എപ്രകാരം...? കടമ നിറവേറ്റലോ...? ആൾ സാന്നിധ്യം മാത്രം നല്കുന്ന യാമപ്രാർത്ഥനകളോ...? ഹൃദയം മറ്റെവിടെയോ അരങ്ങു തകർക്കുവാൻ ഇടയാകുന്നുണ്ടോ...? പൊൻകാലുകളും വിളക്കുകളും തെളിക്കുന്നതിനുപകരം ദീപാലങ്കാരംതന്നെ തീർക്കുന്നുണ്ട്. എന്നാൽ ഉള്ളിലെ തിരി തെളിക്കുന്നില്ലതാനും. സ്നേഹത്തിന്റെ, വിശ്വാസത്തിന്റെ, പ്രത്യാശയുടെ തിരി തെളിച്ചിരുന്നെങ്കിൽ! കഴിഞ്ഞ തലമുറയ്ക്ക് സായാഹ്നങ്ങൾ ദൈവവുമായി സംവദിക്കുന്ന സമയമായിരുന്നു. ഇന്നാകട്ടെ നവീന മാധ്യമങ്ങൾ ആഗോളവത്ക്കരണം നടത്തുന്ന ഇടമായി മാറുന്നു! ദൈവസാന്നിധ്യത്തോടുള്ള എന്റെ നിലപാട് എന്ത് എന്നു പരിശോധിക്കാം.

അബിയാരാജാവ് ജറോബോവാമിനെ ഇടതടവില്ലാതെ പിൻതുടർന്ന് ബഥേൽ, യെഷാനാ, എഫ്രോൺ എന്നീ പട്ടണങ്ങളും അവയോടുചേർന്നുള്ള ഗ്രാമങ്ങളും പിടിച്ചെടുത്തു. അബിയായുടെ കാലത്ത് ജറോബോവാമിന് അധികാരം വീണ്ടെടുക്കാൻ സാധിച്ചില്ല. കർത്താവ് അവനെ ശിക്ഷിച്ചു. എന്നാൽ അബിയാ പ്രാബല്യം നേടി. താമസിയാതെ അബിയാ തന്റെ പിതാവായ റഹോബോവാമിനെപ്പോലെ പാപത്തിൽ വ്യാപരിച്ചുതുടങ്ങി. ദേവപ്രീതിക്കായുള്ള പ്രതിഷ്ഠകളും പൂജാഗിരികളും അവൻ നീക്കം ചെയ്തിരുന്നില്ല. തിന്മ പ്രവർത്തിച്ചതുകൊണ്ട് നഷ്ടപ്പെട്ട പത്തുഗോത്രങ്ങൾ തിരിച്ചു പിടിക്കാൻ അബിയായ്ക്ക് കഴിഞ്ഞില്ല. മൂന്നുവർഷക്കാലം യൂദായിൽ ഭരണം നടത്തിയശേഷം അബിയാ പിതാക്കന്മാരോടു ചേർന്നു. ദാവീദിന്റെ നഗരത്തിൽ അവനെ സംസ്കരിച്ചു. അവന് പതിനാലു ഭാര്യമാരും ഇരുപത്തിരണ്ട് പുത്രന്മാരും പതിനാറ് പുത്രിമാരും ഉണ്ടായിരുന്നു.

***അബിയായുടെ ജീവിതം നല്കുന്ന പാഠം***

** ദൈവസാന്നിധ്യത്തോടു വിശ്വസ്തനായിരിക്കുക.*
** ദൈവമാണ് ജീവിതത്തിന്റെ നായകനെങ്കിൽ വിജയം ഉറപ്പാണ്.*
** ജീവിതത്തെയും ദൗത്യത്തെയുംകുറിച്ച് ബോധ്യം ഉണ്ടായിരിക്കണം.*
** ദൈവാനുഗ്രഹത്തിന്റെ പിന്നിട്ട കാലം അനുസ്മരിക്കുക.*


**വരിസംഖ്യ പുതുക്കുന്നതിന്**

**⇨ അക്കൗണ്ടിലേക്കു ട്രാൻസ്ഫർ ചെയ്യുവാൻ:**

South Indian Bank
Branch: Kanjikuzhy
Account Name: Pratheekshayude Poomottukal
Account Number: 0315053000014349
IFSC: SIBL0000315

**⇨ ഗൂഗിൾ ട്രാൻസ്ഫറിന്: 8078091348**

വരിസംഖ്യ നൽകുന്നവർ, അഡ്രസിനോടൊപ്പമുള്ള കോഡ് നമ്പറോ അതല്ലെങ്കിൽ ഇവിടെ നൽകിയിരിക്കുന്ന അതേ അഡ്രസ്സോ അറിയിക്കുമല്ലോ.

ഫോൺ നമ്പർ: 9497588192.



അങ്ങേയ്ക്ക് സ്തുതി - 7

# സാർവ്വത്രിക കൂട്ടായ്മ

ഡോ. തോമസ് വടക്കേൽ
പാലാ രൂപത

**'ലൗ**ദാത്തോ സി' യുടെ രണ്ടാം അദ്ധ്യായത്തിന്റെ അവസാനഭാഗത്ത് പാപ്പാ സംസാരിക്കുന്നത്, 'ഒരു സാർവ്വത്രിക കൂട്ടായ്മ'യെക്കുറിച്ചും (89-92) 'വസ്തുക്കളുടെ പൊതുലക്ഷ്യ'ത്തെക്കുറിച്ചും (93-95) 'ഈശോയുടെ കടാക്ഷ'ത്തെക്കുറിച്ചുമാണ് (96-100).

**5. ഒരു സാർവ്വത്രിക കൂട്ടായ്മ**

"ജീവനുള്ളവയെ സ്നേഹിക്കുന്ന നാഥാ സർവ്വവും അങ്ങയുടേതാണ്" (ജ്ഞാനം 11,26). പ്രപഞ്ചവസ്തുക്കൾ ഉടമസ്ഥതാനിരപേക്ഷമല്ല. പിതാവായ ദൈവത്താൽ അസ്തിത്വത്തിലേക്കു വിളിക്കപ്പെട്ടവരാണ് നാം എല്ലാവരും, സൃഷ്ടവസ്തുക്കളും. സൃഷ്ടവസ്തുക്കളും മനുഷ്യരുമെല്ലാം ഒരു തരത്തിലുള്ള അദൃശ്യബന്ധത്താൽ ഘടിപ്പിക്കപ്പെട്ടവരും ഒരുമിച്ച് ഒരു സാർവ്വത്രികകുടുംബം രൂപവത്ക്കരിക്കുന്നവരുമാണ്. എല്ലാറ്റിനോടും പാവനവും വിനീതവും വാത്സല്യപൂർണ്ണവുമായ ഒരാദരവ് നമ്മിൽ നിറയ്ക്കുന്ന ഉദാത്തമായ ഒരു കൂട്ടായ്മയാണിത്. അക്കാരണത്താൽ മണ്ണിന്റെ മരുഭൂമിവത്ക്കരണം നമുക്കുള്ള ശാരീരികരോഗംപോലെയും ഒരു ജീവിയുടെ വംശനാശം വേദനാജനകമായ അംഗഭംഗം പോലെയുമാണ്.

മനുഷ്യർക്ക് തനതായ വിലയും അതോടുചേർന്ന ഉത്തരവാദിത്വവും ഉണ്ട്. മനുഷ്യവ്യക്തിക്ക് സർവ്വോത്കൃഷ്ടതയുണ്ട്. അത് നിഷേധിക്കുവാൻ പാടില്ല. എല്ലാ മനുഷ്യരും തുല്യ അളവിൽ പങ്കുവയ്ക്കുന്ന മഹത്ത്വം സംരക്ഷിക്കുന്നതിനേക്കാൾ മറ്റു ജീവികളെ സംരക്ഷിക്കുന്നതിൽ അതിയായ ഉത്സാഹം പ്രദർശിപ്പിക്കുന്നതത് ശരിയല്ല. എന്നാൽ നാം മറ്റുജീവികളോട് ഉത്തരവാദിത്വത്തോടെ പെരുമാറേണ്ടതുണ്ട്.

നമ്മുടെ സഹജീവികളായ മനുഷ്യരോട് നമുക്കു ഹൃദയത്തിൽ വാത്സല്യവും സഹാനുഭൂതിയും കരുതലും ഉണ്ടാകണം. എങ്കിൽമാത്രമേ പ്രകൃതിയുടെ ബാക്കിഭാഗത്തോട് ആഴത്തിലുള്ള കൂട്ടായ്മയുടെ ബോധം നമുക്കുണ്ടാവുകയുള്ളൂ. തങ്ങൾ ശ്രേഷ്ഠമാണെന്നു കരുതുന്ന ചിലർ പാവങ്ങളോടു പരിഗണനയില്ലാതെ, ഏറെ വസ്തുക്കൾ പാഴാക്കുന്നുണ്ട്. യാതൊരുവിധ ഗതിയുമില്ലാതെ ദാരിദ്ര്യത്തിന്റെ ചെളിയിൽ പൂണ്ടുകിടക്കുന്ന പാവപ്പെട്ട മനുഷ്യരും നമ്മുടെ സഹജീവികളാണ്. ദരിദ്രരോടു കരുതൽ കാണിക്കണം. പരിസ്ഥിതിയോടുള്ള കരുതൽപോലെ സഹജീവികളായ മനുഷ്യരോടും ആത്മാർത്ഥമായ സ്നേഹവും പ്രതിബദ്ധതയും ഉണ്ടാകണം.

ഹൃദയങ്ങൾ സാർവ്വത്രിക കൂട്ടായ്മയിലേക്ക് തിരിഞ്ഞിരിക്കുമ്പോൾ സാഹോദര്യബോധം ഒന്നിനെയും ഒരാളെയും ഒഴിച്ചുനിർത്തുന്നില്ല. ലോകത്തിലെ സഹസൃഷ്ടികളോട് ക്രൂരതയോ, അലംഭാവമോ പാടില്ല. മൃഗങ്ങളോടുള്ള നമ്മുടെ നികൃഷ്ടത, മനുഷ്യബന്ധങ്ങളിലേക്ക് തിരി

യുവാൻ അധികം താമസമില്ല. സഹസൃഷ്ടികൾക്കെതിരെയുള്ള ക്രൂരകൃത്യം "മനുഷ്യാന്തസ്സിനു വിരുദ്ധമാണ്". സമാധാനവും നീതിയും സൃഷ്ടിയുടെ സംരക്ഷണവും പരസ്പര ബന്ധിതമായ പ്രമേയങ്ങളാണ്. എല്ലാം ബന്ധപ്പെട്ടതാണ്. സഹോദരീ സഹോദരന്മാർ എന്ന നിലയിൽ നമ്മൾ മനുഷ്യർ ഐക്യപ്പെട്ട് വിസ്മയകരമായ ഒരു തീർത്ഥാടനം നടത്തണം.

**6. വസ്തുക്കളുടെ പൊതുലക്ഷ്യം**

ദൈവം എല്ലാവർക്കുമായി ലോകത്തെ സൃഷ്ടിച്ചു. സാരാംശപരമായി ഏവർക്കും പ്രയോജനം ചെയ്യുവാൻ ഉദ്ദേശിച്ചിട്ടുള്ള ഫലങ്ങളോടുകൂടിയ പങ്കുവയ്ക്കപ്പെട്ട പിതൃസ്വത്താണ് ഭൂമി. വിശ്വാസികൾക്ക് ഇത് സ്രഷ്ടാവിനോടുള്ള വിശ്വസ്തതയുടെ കാര്യംകൂടിയാണ്. "ആരെയും ഒഴിവാക്കാതെയും ആരോടും പക്ഷപാതം കാട്ടാതെയും എല്ലാ അംഗങ്ങളുടെയും സമ്പുഷ്ടിക്കായാണ് ദൈവം മുഴുവൻ മനുഷ്യരാശിക്കും ഭൂമി നൽകിയത്". സ്വകാര്യസ്വത്തിനുള്ള നിയമാനുസൃതമായ അവകാശത്തെ മാനിക്കുന്നു. എന്നാൽ "ഈ ദാനത്തിന്റെ പ്രയോജനങ്ങൾ ചിലർക്കുമാത്രം കിട്ടുന്ന വിധത്തിൽ ഇത് ഉപയോഗിക്കുന്നത് ദൈവത്തിന്റെ പദ്ധതിക്ക് അനുസൃതമല്ല".

എല്ലാവരെയും സൃഷ്ടിച്ചത് ദൈവമാണ്. ദരിദ്രർക്കും ധനികർക്കും തുല്യ അന്തസ്സാണ് ഉള്ളത്. അക്കാരണത്താൽത്തന്നെ ഏതൊരു മനുഷ്യവ്യക്തിക്കും കുടുംബം പുലർത്തുന്നതിനും വീടു പണിയുന്നതിനും ഭദ്രമായ ജീവിതത്തിനുവേണ്ടി ജോലി ചെയ്യുന്നതിനും ന്യായമായ ഭൂമി പതിച്ചു കിട്ടുന്നതിനും പ്രകൃതിദത്തമായ അവകാശമുണ്ട്. ഈ അവകാശം മിഥ്യയാവാതെ യാഥാർത്ഥ്യമാകത്തക്കവിധം സംരക്ഷിക്കപ്പെടണം.

**7. ഈശോയുടെ കടാക്ഷം**

ദൈവം പിതാവാണ്. ദൈവത്തിനു തന്റെ എല്ലാ സൃഷ്ടികളുമായി പിതൃസഹജമായ ഒരു ബന്ധം ഉണ്ട്. ഈശോ തന്റെ ശിഷ്യന്മാരോടു സംസാരിക്കുമ്പോളെല്ലാം ഈ ബന്ധം തിരിച്ചറിയണമെന്ന് അവരെ പഠിപ്പിച്ചിരുന്നു. സൃഷ്ടവസ്തുക്കളും ജീവികളുമെല്ലാം ദൈവദൃഷ്ടിയിൽ പ്രാധാന്യമുള്ളവരാണെന്ന് ഈശോ പഠിപ്പിച്ചു. "അഞ്ചു കുരുവികൾ രണ്ടു നാണയത്തുട്ടിന് വിൽക്കപ്പെടുന്നില്ലേ? അവയിൽ ഒന്നുപോലും ദൈവസന്നിധിയിൽ വിസ്മരിക്കപ്പെടുന്നില്ല" (ലൂക്കാ 12,6). "ആകാശത്തിലെ പക്ഷികളെ നോക്കുവിൻ, അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു" (മത്താ 6,26).

ഈശോ സൃഷ്ടിയുമായി പൂർണ ഐക്യത്തിൽ ജീവിച്ച വ്യക്തിയാണ്. കാറ്റും കടലുംപോലും അവിടുത്തെ അനുസരിച്ചു (മത്താ 8,22). ദൈവം സൃഷ്ടിച്ച ദ്രവ്യവുമായുള്ള ദൈനംദിന ബന്ധത്തിൽ ഈശോ തന്റെ കരങ്ങൾകൊണ്ട് ജോലി ചെയ്തു. മനുഷ്യാധ്വാനത്തെ പരിപാവനമായി പരിഗണിച്ചു. ഈശോയിലൂടെയാണ് എല്ലാം സൃഷ്ടിക്കപ്പെട്ടത് (കൊളോ 1,16). തന്റെ ഭാഗധേയം സൃഷ്ടപ്രപഞ്ചവുമായി ചേർത്തു വച്ചുകൊണ്ട് ദൈവമായ ഈശോ പ്രപഞ്ചത്തിലേക്ക് പ്രവേശിച്ചു.



# സെനക്കിൾ തരംഗം

## സന്ദേശം


മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ, ആരാധനക്രമത്തിലെ ദനഹാക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. ഈശോയുടെ മാമോദീസായെ കേന്ദ്രമാക്കി അവിടുത്തെ പരസ്യജീവിതത്തെ ധ്യാനവിഷയമാക്കുകയാണ് ദനഹാക്കാലം. വിശ്വാസികളുടെ സമൂഹമായ സഭ മാമോദീസായുടെ ഫലങ്ങൾ ധാരാളമായി പുറപ്പെടുവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന സന്ദർഭമാണ് ദനഹാക്കാലം. മാമോദീസായിലൂടെ ദൈവമക്കളുടെ സമൂഹമായിത്തീർന്ന സഭാംഗങ്ങൾ, ദൈവിക കുടുംബാരൂപിയിൽ ജീവിക്കുവാനും ദൈവമക്കൾക്കടുത്ത ജീവിതസാക്ഷ്യത്തിലൂടെ മിശിഹായുടെ സുവിശേഷപ്രഘോഷകരായിത്തീരുവാനും ഈ ദനഹാക്കാലം അവസരമായിത്തീരണം. അപ്രകാരം സഭാസമൂഹത്തെ രൂപപ്പെടുത്തുവാൻ തക്കവിധം അജപാലനശുശ്രൂഷ നിർവ്വഹിക്കുവാൻ നമുക്കു പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യുവെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2023 ഡിസംബർ 11–12 തീയതികളിൽ മാങ്ങാനം, സ്പിരിച്ച്വാലിറ്റി സെന്ററിൽവച്ച്, ഇന്ത്യയിലെ അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ സമ്മേളനം നടന്നു. 12–ാം തീയതി രാവിലെ ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ അർപ്പിച്ച പരിശുദ്ധ കുർബാന മദ്ധ്യേ ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിൽപ്പെട്ട 6 ബഹുമാനപ്പെട്ട വൈദികർ വ്രതവാദ്ഗാനം ചെയ്ത് അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗങ്ങളായി. ബഹു. ഫാ. മാത്യു മുരിയങ്കരി, ബഹു. ഫാ. ക്രിസ്റ്റോ നേര്യംപറമ്പിൽ, ബഹു. ഫാ. തോമസ് മണിയഞ്ചിറ, ബഹു. ഫാ. ജോർജ്ജ് അമ്പഴത്തുങ്കൽ, ബഹു. ഫാ. തോമസ് വടക്കേൽ, ബഹു. ഫാ. തോമസ് നല്ലൂർകാലായിൽപറമ്പിൽ എന്നിവരാണ് പുതിയ അപ്പസ്തോലിക് സൊദാലെസ് വൈദികർ. അവർക്ക് അഭിനന്ദനങ്ങളും ആശംസകളും.



# ആരുടെ സന്തതിയാ...?

**ഷിനി തെരേസ് മുതുപ്ലാക്കൽ**

"അണലിസന്തതികളേ..."

മത്തായിച്ചേട്ടന്റെ വീട്ടിലെ കോളിംഗ് ബെൽ അമർത്താൻ തുടങ്ങിയപ്പോൾ മുഴങ്ങിയ ഈ ശബ്ദം കേട്ട് സെബി ഒന്ന് ഞെട്ടിത്തിരിഞ്ഞു നോക്കി.... തന്റെകൂടെ ആരുമില്ലല്ലോ...? അപ്പോൾ മത്തായിച്ചേട്ടൻ 'ബഹുവചന'ത്തിൽ വിളിച്ചത് തന്നെയാവില്ല.... സെബിയുടെ ചിന്തകളെ ഭഞ്ജിച്ചുകൊണ്ട് മത്തായിച്ചേട്ടന്റെ സ്വരം വീണ്ടുമുയർന്നു....

"ആസന്നമായ ക്രോധത്തിൽനിന്ന് ഓടിയകലാൻ നിങ്ങൾക്കു മുന്നറിയിപ്പു നല്കിയത് ആരാണ്? മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ".

"ഹോ! മത്തായിച്ചേട്ടൻ ബൈബിൾ വായിക്കുന്നതാ". അതുപറഞ്ഞ് ആശ്വാസത്തോടെ സെബി കോളിംഗ് ബെൽ അമർത്തി. തെല്ലു കഴിഞ്ഞപ്പോൾ സിസിചേച്ചി പതിവു പുഞ്ചിരിയോടെ വാതിൽ തുറന്നു.

"മത്തായിച്ചേട്ടൻ രാവിലെതന്നെ ബൈബിൾവായന തുടങ്ങിയോ?"

“ബൈബിൾ വായനയൊന്നുമല്ല സെബി.... രാവിലെ വാർത്ത കാണുന്നതിനിടയിൽ പല സ്ഥലങ്ങളിലെയും “ആൾക്കൂട്ടങ്ങൾ” കാണുമ്പോൾ, പണ്ട് സ്നാപകയോഹന്നാൻ ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ പറഞ്ഞ ആ ഡയലോഗ് ഓർമ്മ വരും. അപ്പോൾ വിളിച്ചുപറയുന്നതാ.... ദേ, സെബി വന്നിരിക്കുന്നു”, അകത്തേക്ക് തല തിരിച്ച് സിസിചേച്ചി പറഞ്ഞപ്പോഴേയ്ക്കും മത്തായിച്ചേട്ടൻ രംഗത്തെത്തി.

“വഴിയേ പോയപ്പോൾ ‘അണലിസന്തതികളേ’ എന്നുള്ള മത്തായിച്ചേട്ടന്റെ വിളി കേട്ട്, മക്കള് വന്നിട്ടുണ്ടെന്നു കരുതി കേറീതാ ഞാൻ” സിസിചേച്ചിയെ കണ്ണിറുക്കി കാണിച്ച് സെബി പറഞ്ഞു.

“ഊം... ഊം... രാവിലെതന്നെ എന്നെ അണലിയാക്കാൻ നോക്കല്ലേ സെബീ.... ഓരോന്നൊക്കെ കാണുമ്പോൾ അങ്ങേരെപ്പോലെ ഒരു പ്രവാചകൻ ഇന്നുണ്ടായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചു പോകുവാ....” മത്തായിച്ചേട്ടൻ തന്റെ നയം വ്യക്തമാക്കിക്കൊണ്ട് തുടർന്നു.... “ഇപ്പോഴത്തെ കാലത്ത് നാലുപേർ തന്റെ ചുറ്റും കൂടുന്നതു കണ്ടാൽ അവരെ എങ്ങനെയെങ്കിലും ചുറ്റും നിർത്തി നേതാവാകാൻ ശ്രമിക്കുന്നവരാ കൂടുതലും. അതിനുവേണ്ടി കേൾവിക്കാർക്ക് ഇമ്പമുള്ളതുമാത്രം പറയും. പക്ഷേ, സ്നാപകൻ എങ്ങനെയായിരുന്നു? തന്റെ അടുത്തേക്കു വന്നിരുന്ന, ഫരിസേയരും സദുക്കായരും ഉൾപ്പെടെയുള്ള, ജനക്കൂട്ടങ്ങളെ നോക്കിയാ ‘അണലിസന്തതികളേ’ എന്നു വിളിച്ചത്. അല്ലാതെ അവർക്കിഷ്ടമുള്ളതുമാത്രം പറഞ്ഞ് സ്വന്തം ഇമേജ് കൂട്ടാനൊന്നും അങ്ങേര് മെനക്കെട്ടില്ല. അവരേതായാലും ദൈവഭയമുള്ളവരായിരുന്നു കേട്ടോ. ആയിരിക്കുന്ന അവസ്ഥ തിരിച്ചറിയാൻ അവർക്കു കഴിഞ്ഞു. അതുകൊണ്ടല്ലേ ഞങ്ങൾ എന്തു ചെയ്യണം എന്ന് ചുങ്കക്കാരും പടയാളികളും ജനക്കൂട്ടങ്ങളുമൊക്കെ ചോദിച്ചത്.

സഹോദരന്റെ ഭാര്യയെ കൂടെക്കൂട്ടിയ ഹേറോദേസ് രാജാവിന്റെ മുഖത്തുനോക്കിപ്പോലും, ചെയ്തത് തെറ്റാണെന്നു പറയാനുള്ള നട്ടെല്ലും ചങ്കുറപ്പുമുണ്ടായിരുന്നു സ്നാപകന്. പക്ഷേ, തല പോയി! സത്യത്തിന്റെ തലയറുത്താൽപ്പിന്നെ എന്തും കാട്ടിക്കൂട്ടാമല്ലോ. അതാണീ ലോകം!”

“സ്നാപകന്മാരൊക്കെ അവിടെയുമിവിടെയുമൊക്കെ ഇന്നുമുണ്ട് മത്തായിച്ചേട്ടാ”, സെബി കൂട്ടിച്ചേർത്തു, “കേൾക്കേണ്ടവരൊന്നും ശ്രദ്ധിക്കുന്നില്ലെന്നുമാത്രം”.

“അതുശരിയാ, ‘ഞാൻ പിടിച്ച മുയലിന് മൂന്നല്ല, ആറു കൊമ്പ്’ എന്നു പറഞ്ഞ് ദുർവാശി പിടിച്ചിരിക്കുന്നവരൊക്കെ അതുവല്ലതും കേൾക്കുമോ? അതിനിത്തിരി വിനയവും വിവേകവും വിശ്വാസവും വിശുദ്ധിയുമൊക്കെ വേണം. വാശിയും വക്രതയും വ്യർത്ഥാഭിമാനവുമൊക്കെ വലിച്ചെറിയണം. മരണത്തിലും ഉത്ഥാനത്തിലും നിത്യജീവനിലുമൊന്നും ഇക്കൂട്ടർക്ക് ഒരു വിശ്വാസവുമില്ലേ എന്നാണെന്റെ ചിന്ത. ഇവരൊക്കെ ആരുടെ സന്തതികളാണോ ആവോ?”

“എന്റെ മനുഷ്യാ, കാര്യമൊക്കെ ശരിയാ. പക്ഷേ, ബാക്കിയുള്ളവരെ നന്നാക്കാൻ നോക്കുന്നതിനുമുമ്പ് സ്വയം നന്നായാൽ നമുക്കു കൊള്ളാം. അതുമിതുമൊക്കെ പറഞ്ഞ് രാവിലെ എന്തിനാ നല്ല മൂഡ് കളയുന്നത്?”. കാപ്പിയുമായി വന്ന സിസിചേച്ചി മത്തായിച്ചേട്ടനെ ഓവർടേക്ക് ചെയ്തു.

കാപ്പിയും കുടിച്ച് നാട്ടുവിശേഷങ്ങളും പറഞ്ഞ് അവിടെനിന്നിറങ്ങുമ്പോൾ സെബിയുടെ മനസ്സിൽ പണ്ടെങ്ങോ കേട്ട പ്രസംഗത്തിന്റെ ആശയങ്ങൾ തെളിഞ്ഞു... ദൈവാത്മാവിനാലാണ് ദൈവമക്കൾ നയിക്കപ്പെടേണ്ടത്. വചനത്തിലൂടെയും പ്രകൃതിയിലൂടെയും സഹോദരങ്ങളിലൂടെയും മനഃസാക്ഷിയിലൂടെയുമൊക്കെ അവിടുന്ന് നമ്മോടു സംസാരിക്കുന്നുണ്ട്. ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന ജീവിതം നയിച്ചാൽ നമുക്കായി ദൈവപിതാവിന്റെ സ്വരമുയരും: “നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു”.

# മാമോദീസാ

സിജി
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

മഹത്വമാണ് ഇത് ഭൂമിയിൽ
ശ്രേഷ്ഠമാണിത് ദ്യോവിൽ
നവ്യമാം ജനനം തിരുസഭയിൽ
പുത്രരായി താതൻ തൻ മടിയിൽ

വെടിഞ്ഞിടുന്നു പാപപ്രകൃതിയെ
പുണർന്നിടുന്നു നൂതനവസ്ത്രവും
വെളിച്ചവും സത്യത്തിൻ മാർഗമതും
നേടിടുന്നിവ നൽ താതനിൽനിന്നു നാം

ധന്യമാക്കാം മനസ്സു വെൺചിന്തയാൽ
ഹൃദ്യമാക്കാം ഹൃദയം നൽസ്നേഹത്താൽ
ചരിച്ചിടാം നന്മചെയ്തിന്നു ഭൂവിൽ
ത്രിയേകദൈവത്തിൻ പുത്രരെപ്പോൽ

പ്രഭയോടെ നീങ്ങീടാം വീഥിതന്നിൽ
വിശ്വാസദീപത്തിൻ നാളമേന്തി
സഭയുടെ ജീവിതപന്ഥാവിലായ്
താതന്നു സാക്ഷിയാം മിശിഹായെപ്പോൽ



# തലമുറകൾക്ക് വെളിപാട് ആകുക

**മെർലിറ്റ് അഞ്ചാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**വി**ശുദ്ധ ഗ്രന്ഥം മുഴുവൻ ദൈവത്തിന്റെ വെളിപാടുകളുടെ സമാഹാരമാണ്. മരുഭൂമിയിൽ മന്നയായും രാത്രിയിൽ അഗ്നിസ്തംഭമായും പകൽ മേഘവിരിപ്പായും ചെങ്കടലിൽ വഴി തുറന്നും മനുഷ്യന്റെ കൂടെ നടക്കുന്ന ഒരു ദൈവത്തെയാണ് നമുക്ക് അനുഭവിക്കാനാകുക. മോശയ്ക്ക് സീനായിൽ 10 കൽപ്പനകളുടെ വെളിപാടായും അബ്രാഹത്തിന് മോറിയായിൽ പുത്രനു പകരം കുഞ്ഞാടിനെ ബലിവസ്തുവായി നൽകുന്ന ഇടപെടലായും ദൈവം പ്രത്യക്ഷപ്പെടുന്നതായി നാം കാണുന്നു.

ആരാധനക്രമവത്സരത്തിലെ ദനഹാക്കാലത്തിൽ ഈശോയുടെ പ്രത്യക്ഷീകരണത്തെ - വെളിപ്പെടുത്തലിനെ-ആണ് നാം അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നത്. ലോകത്തിന്റെ വെളിച്ചമായി വന്ന ഈശോ തന്റെ പരസ്യജീവിതം ആരംഭിക്കുന്നത് താൻ ആരാണെന്നും തന്റെ രക്ഷാകര ദൗത്യം എന്താണെന്നും വെളിപ്പെടുത്തികൊണ്ടാണ്. “കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു” എന്ന ഏശയ്യാ പ്രവാചകന്റെ വാക്കുകൾ തന്നിൽ നിറവേറിയിരിക്കുന്നു എന്ന് അവിടുന്ന് പറയുമ്പോൾ (ലൂക്കാ 4,18-19) ഏതുവിധത്തിലുള്ള രക്ഷയാണ് തന്നിലൂടെ നൽകപ്പെടുക എന്ന് അവിടുന്ന് വ്യക്തമാക്കുകയാണ്.

മനുഷ്യർക്ക് വെളിപ്പെടുത്തപ്പെട്ട വചനമായ ഈശോയെപ്പോലെ വെളിപാടിന്റെ ദർശനം നാം ആയിരിക്കുന്ന സ്ഥലങ്ങളിലും സാഹചര്യങ്ങളിലും നൽകാൻ കഴിയണം എന്ന ഒരു പുനർവായന നമുക്ക് ഈ അവസരത്തിൽ നല്ലതാണ്.

**മാതാപിതാക്കൾ മക്കൾക്ക് വെളിപാടായി മാറണം**

ഏറെ പ്രതിസന്ധികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ നന്മതിന്മകളെ തിരിച്ചറിഞ്ഞ് അതിനോട് ക്രിയാത്മകമായ രീതിയിൽ പ്രതികരിക്കാൻ മക്കളെ പഠിപ്പിക്കേണ്ടത് മാതാപിതാക്കളാണ്. ഇന്നത്തെ മക്കളെ സംബന്ധിച്ചിടത്തോളം പഴയതു പലതും അർത്ഥമില്ലാത്തതും കാലഹരണപ്പെട്ടതുമാണ്. മുതിർന്നവരെയും പ്രായമായവരെയും ആദരിക്കുക, അവരെ കാണുമ്പോൾ ഇരുന്നിടത്തുനിന്നും എഴുന്നേൽക്കുക, അവരെ പരിചരിക്കുക, മുതിർന്നവർ പറയുന്നത് അനുസരിച്ച് ജീവിക്കുക, ഒന്നിച്ച് പള്ളിയിൽ പോകുക, കുടുംബപ്രാർത്ഥന ചൊല്ലുക ഇവയൊക്കെ പണ്ടെങ്ങോ, ആരോ പറഞ്ഞ പഴമൊഴിയായി തള്ളിക്കളയുകയാണ് ഇന്നത്തെ യുവത. ഈ പഴഞ്ചൻ ആചാരങ്ങളെ ഞങ്ങൾ എന്തിന് പിന്തുടരണം എന്നതാണ് അവരുടെ ചോദ്യം. വിശുദ്ധ കുമ്പസാരവും കുർബാന സ്വീകരണവുമെല്ലാം അവർക്ക് നാണക്കേടിന്റെ പ്രശ്നമാണ്. ദൈവാലയത്തിലും മറ്റു വിശുദ്ധ സ്ഥലങ്ങളിലും അനുചിതമായി പെരുമാറുക എന്നത് ഒരു ശൈലിയായി മാറിയിരിക്കുന്നു. നന്മയെ തിന്മയായും തിന്മയെ നന്മയായും വ്യാഖ്യാനിക്കുന്ന, അതിനനുസൃതം പെരുമാറുന്ന, വൈകല്യങ്ങളുടെ ഉടമകളായി നമ്മിൽ പലരുടെയും മക്കൾ മാറിയിരിക്കുന്നു. ഞങ്ങൾ ഇങ്ങനെ ചെയ്യുന്നതിൽ എന്തു തെറ്റാണുള്ളത് എന്നാണ് അവരുടെ ചോദ്യം. പ്രിയപ്പെട്ട മാതാപിതാക്കളേ, കാലത്തിന്റെ മാറ്റങ്ങളെ വിവേചിച്ചറിയാൻ നിങ്ങൾ ശ്രദ്ധാലുക്കൾ ആയിരിക്കണം.

“ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രരാണ്” (റോമാ 8,14). നാം ദൈവത്തിന്റെ മക്കളാണെന്നും ദൈവമക്കളെപ്പോലെ ജീവിക്കേണ്ടവരാണ് എന്നുമുള്ള അവബോധം നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മാമോദീസായിൽ ദൈവം നമ്മിൽ നിക്ഷേപിച്ച വിശുദ്ധിയുടെ വസ്ത്രം വലിച്ചെറിഞ്ഞ് എന്നേക്കുമായി സാത്താന്റെ അടിമകളായി ജീവിക്കുന്നതിന്റെ ‘ത്രിൽ’ അനുഭവിച്ചുകൊണ്ടിരിക്കുന്നവരായി നമ്മുടെ കുഞ്ഞുങ്ങളും യുവാക്കളും എന്തിനേറെ, മുതിർന്നവരും മാറുന്നു എന്നത് ഏറെ ഖേദകരമാണ്.

ഒരു സമൂഹത്തിന്റെ ആണിക്കല്ലായി മാറേണ്ട ധാർമിക മൂല്യങ്ങളും സദാചാര സംഹിതകളുമെല്ലാം ഏതോ പഴഞ്ചൻ ചിന്താഗതി മാത്രമായി പുറന്തള്ളുന്ന ഈ കാലയളവിൽ പുതിയ തലമുറയ്ക്ക് സന്മാർഗ പ്രവേശികയായി മാറേണ്ടത് മാതാപിതാക്കളാണ് എന്ന കാര്യം മറക്കാതിരിക്കാം. ഓരോ അപ്പനും അമ്മയും മക്കൾക്ക് വെളിപാടാകണം. ദൈവത്തിലുള്ള മാതാപിതാക്കളുടെ ആശ്രയത്വവും കാരണവന്മാരോടും അയൽക്കാരോടും എന്നു മാത്രമല്ല, ദൈവത്തിന്റെ ഛായ വഹിക്കുന്നവർ എന്ന നിലയിൽ ഓരോ മനുഷ്യനോടും കാണിക്കുന്ന സ്നേഹാദരങ്ങളും മാതാപിതാക്കളിൽനിന്നും കണ്ടുപഠിക്കാൻ മക്കൾക്ക് സാധിക്കണം. മറ്റുള്ളവരെ അവർ ആയിരിക്കുന്ന വിധത്തിൽ അംഗീകരിക്കുകയും മനസ്സിലാക്കുകയും അവരുടെ ന്യായമായ അവകാശങ്ങൾക്ക് തടസ്സമാകാതിരിക്കുകയും വേണം എന്ന അവബോധം വരും തലമുറയ്ക്ക് ആദ്യമായി ലഭിക്കേണ്ടത് കുടുംബത്തിൽനിന്നാണ്. തങ്ങൾക്കുള്ളത് പങ്കുവെക്കാനും ഇല്ലായ്മയിൽ സ്വയം ഒതുങ്ങുവാനും പ്രതിബന്ധങ്ങളിൽ തളരാതെ പ്രത്യാശയോടെ ദൈവത്തിൽ ആശ്രയിക്കാനും മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കാനും എല്ലാവരോടും

സൗമ്യതയോടും ആർദ്രതയോടുംകൂടെ പെരുമാറാനും മക്കൾക്ക് കഴിയണമെങ്കിൽ മാതാപിതാക്കൾ മക്കളുടെ മുമ്പിൽ ദൈവിക നന്മയുടെ തുറന്ന പുസ്തകമായി മാറണം.

ഈശോമിശിഹാ തന്നെത്തന്നെ വെളിപ്പെടുത്തിയത് തന്റെ ജനന, ജീവിത, മരണോത്ഥാനങ്ങളിലൂടെയാണ്. ആരായിരിക്കണം ക്രിസ്തുശിഷ്യൻ എന്നതിന് ഈശോതന്നെ വ്യക്തമായ ഉത്തരമാണ്. മറ്റുള്ളവർക്കുവേണ്ടി മുറിയപ്പെടാത്ത, വേദനിക്കാത്ത, സ്വയം മറയപ്പെടാത്ത ഒരു ജീവിതത്തിന് എന്തു വെല്ലുവിളിയാണുള്ളത്? ഒന്നും രണ്ടും പറഞ്ഞ് കുടുംബങ്ങളിൽ കലഹവും കുറ്റാരോപണങ്ങളും മൂർച്ഛിക്കുകയും, ഉള്ളി പൊളിക്കുന്ന അത്രയും നിസ്സാര കാര്യങ്ങളുടെ പേരിൽ വിവാഹമോചനങ്ങളും പ്രശ്നങ്ങളെ നേരിടാൻ കഴിയാതെ ആത്മഹത്യകളും പെരുകുന്ന നമ്മുടെ സാഹചര്യങ്ങളിൽ വരുംതലമുറയുടെ മുന്നോട്ടുള്ള പ്രയാണത്തെ വളരെ ഗൗരവമായി തന്നെ നാം കാണേണ്ടതുണ്ട്.

മാതാപിതാക്കളേ, നിങ്ങൾ മക്കളുടെ ജീവിതത്തിന്റെ ഇരുണ്ട വേളകളിൽ അവർക്കു വെളിച്ചമായി നിൽക്കുക. അവർ നേരിടുന്ന മാനസിക പിരിമുറുക്കങ്ങളിൽ അവരെ കേൾക്കുന്നവരും പരിഹാരം കണ്ടെത്താൻ സഹായിക്കുന്നവരുമാകുക. വഴിതെറ്റാതെ നടക്കാൻ അവരുടെ പാദങ്ങൾക്കു വിളക്കാകുക. ഏത് അവസരത്തിലും തങ്ങളോടൊപ്പം പ്രിയപ്പെട്ട മാതാപിതാക്കൾ ഉണ്ടെന്ന മനോബലം അവർക്കു പകരുക. ലോകം വച്ചു നീട്ടുന്നതെല്ലാം നല്ലതാണെന്നു കരുതി അതിൽ വീണു കരിഞ്ഞു പോകുന്ന ഈയാംപാറ്റകളാകാതിരിക്കാൻ മക്കൾക്കു നേർവഴി ഉപദേശിക്കുന്നവരും അവർക്ക് ധൈര്യം പകരുന്നവരുമാകണം നിങ്ങൾ. എല്ലാറ്റിനുമുപരി ദൈവത്തോടു ചേർത്തുനിർത്തി പുതിയ ദർശനങ്ങളിലേക്ക് അവരുടെ ജീവിതത്തെ പിടിച്ചുയർത്തുന്നവരായി മാറാൻ നിങ്ങൾക്ക് സാധിക്കട്ടെ.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192

# അടുപ്പം



സാബി കോഴിക്കോട്

'എനിക്ക് അമ്മ പറയുന്നതൊന്നും മനസ്സിലാവുന്നില്ല'. തന്റെ മകൾ ടീച്ചറിനോടു പറഞ്ഞ വാക്കുകൾ ടീച്ചർ ആവർത്തിച്ചപ്പോൾ റൂബിയുടെ ചങ്കു പിടഞ്ഞു. കവിളിലൂടെ ഒഴുകിയിറങ്ങിയ കണ്ണുനീർതുള്ളികൾ നിയന്ത്രിക്കുവാൻ അവൾ നന്നേ പാടുപെട്ടു. പി.റ്റി.എ മീറ്റീംഗ് കഴിഞ്ഞ് തിരികെ നടക്കുമ്പോൾ മകളുടെ വാക്കുകൾ പെരുമ്പറ പോലെ അവളുടെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരുന്നു. ദാമ്പത്യം തുടങ്ങി എട്ടു വർഷങ്ങൾക്കുശേഷം ദൈവം അവർക്കു സമ്മാനിച്ച നിധിയായിരുന്നു ദീപമോൾ. എത്രയെത്ര നോമ്പുകൾ, പരിത്യാഗങ്ങൾ, ദാനർമ്മങ്ങൾ, തീർത്ഥയാത്രകളൊക്കെ ഇതിനുവേണ്ടി നോറ്റു! ബന്ധുക്കളുടെ കുത്തുവാക്കുകൾക്കും സുഹൃത്തുക്കളുടെ മുനവച്ച നോട്ടങ്ങൾക്കും മുമ്പിൽ തളർന്നുപോയ നാളുകൾ.... അവളുടെ ഓരോ കുഞ്ഞു വളർച്ചകളിൽ പോലും അവർ അഭിമാനം പൂണ്ടു. ഇരുളടഞ്ഞ തങ്ങളുടെ ജീവിതത്തിൽ പ്രകാശം കൊണ്ടുവന്നവൾ എന്ന അർത്ഥത്തിലാണ് അവർ അവൾക്ക് 'ദീപ' എന്ന പേരു പോലും കൊടുക്കുന്നത്.

അമ്മയുടെ സാരിത്തുമ്പിൽ നിന്നും മാറാതെ നിന്നവൾ, ഊണിലും ഉറക്കത്തിലും അമ്മയുടെ കരസ്പർശം അടുത്തു വേണമെന്നു ശഠിച്ചവൾ, രോഗങ്ങളിലും വേദനകളിലും തന്റെ തലോടൽ ആഗ്രഹിച്ചവൾ, തന്റെ എല്ലാ വിജയങ്ങൾക്കും പിന്നിൽ അമ്മയുടെ പ്രാർത്ഥനയുടെ ബലം അനുഭവിച്ചറിഞ്ഞവൾ, അകത്തളങ്ങളിലെന്നും 'അമ്മേ' എന്ന വിളിയുമായി ഓടി നടന്നവൾ, ആരും കാണാതെ മറയ്ക്കാനാഗ്രഹിച്ച അമ്മയുടെ കണ്ണുനീർ പോലും കണ്ടുപിടിച്ചവൾ, ഇഷ്ടാനിഷ്ടങ്ങൾ വായിച്ചറിഞ്ഞവൾ.... സത്യത്തിൽ അവർക്കവളും അവൾക്കവരും ഇണപിരിയാത്ത സുഹൃത്തുക്കളായിരുന്നു.... ഇന്നെന്തേ അമ്മയുടെ വേദനകൾ മകൾ കാണാതെ പോകുന്നു, ആഗ്രഹങ്ങളെ കാറ്റിൽ പറത്തുന്നു, സ്നേഹനിമന്ത്രണങ്ങളെ അവഗണിക്കാൻ വെമ്പുന്നു, അനുഗ്രഹിക്കാനുയർത്തുന്ന കൈകൾ തട്ടിമാറ്റുന്നു...? ഉപശാന്തിക്കായി 'എനിക്കമ്മ പറയുന്നതൊന്നും മനസ്സിലാവുന്നില്ല' എന്നൊരു പാഴ്‌വചനവും കൂടെ ചേർക്കുമ്പോൾ ഒരായിരം പേരുടെ കണ്ണിൽ അമ്മ കൊള്ളരുതാത്തവളാകും.

എവിടെയാണ് അവൾക്കു കാലിടറിയത്? വളർച്ചയുടെ പാതയിൽ നാടിനും വീടിനും വേണ്ടപ്പെട്ടവളായി വളരുവാൻ വേണ്ട ചില തിരുത്തലുകൾ കൊടുത്തുതുടങ്ങിയപ്പോൾ അവൾക്കമ്മ ചവച്ചു തുപ്പിയ കറിവേപ്പിലയായി.

എപ്പോഴാണ് ഒരാൾക്ക് അപരനെ മനസ്സിലാക്കാൻ കഴിയാതെ വരുന്നത്? അതുവരെ അവന്റെ ഹൃദയകോവിലിൽ പൂജാവിഗ്രഹം പോലെ കരുതി വച്ചിരുന്ന സൗഹൃദമാകുന്ന പ്രതിഷ്ഠയെ തട്ടിമറിച്ചിടുമ്പോഴല്ലേ? നമുക്കുമുണ്ട് ദൈവത്തോടൊപ്പം ചേർത്തുവച്ചിരിക്കുന്ന ചില ബന്ധങ്ങളുടെ, സൗഹൃദങ്ങളുടെ, പ്രതിഷ്ഠകൾ.... ഇവയെ ഹൃദയത്തിൽ നിന്നും പടിയിറക്കണോ കുടിയിരുത്തണോ എന്നു നിശ്ചയിക്കേണ്ടത് നാമാണ് അല്ലാതെ സാഹചര്യങ്ങളല്ല. മനസ്സിലാവുന്നില്ല എന്നതിനർത്ഥം പണ്ടേ ഹൃദയത്തിനു കൈമോശം വന്നു എന്നതുതന്നെയാണ്. വി. ഗ്രന്ഥത്തിന്റെ താളുകളിലാണ് നിത്യസൗഹൃദത്തിന്റെ മഹാനിധി നാം കണ്ടെത്തുക. "അവിടുന്നു പറയുന്നു: എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്. നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും" (ജറ 31,3). നിലയ്ക്കാത്ത സ്നേഹവും മാറ്റമില്ലാത്ത വിശ്വസ്തതയും കണ്ടെത്താനാവുന്ന ഏക ഉറവ ദൈവത്തിന്റെ ഹൃദയം മാത്രമാണ്. അവിടെനിന്നും വേണം നമ്മുടെ മറ്റു ബന്ധങ്ങളുടെ നീർച്ചാലുകളും ഉറവെടുക്കുവാൻ. മനുഷ്യനെന്നും മുഖസ്തുതികളിൽ മയങ്ങിപ്പോകുന്നവനാണ്. വാഴ്ത്തലുകൾക്ക് അല്പായുസ്സേയുള്ളൂ. അഥവാ അവന്റെ കാര്യം നടക്കുന്ന മാത്രയിൽ അവൻ നിന്നെ മറക്കുമെന്നതുറപ്പാണ്. സ്തുതിപാഠകരാകാതിരിക്കുവാനും സ്തുതിപാഠനം കൊണ്ട് മതിമറക്കാതിരിക്കുവാനും നമുക്കായാൽ, തനിമയുള്ള വ്യക്തിത്വത്തിന്റെ ഉടമകളാകാം. സുഭാ 28,23 ൽ പറയുന്നു: "മുഖസ്തുതി പറയുന്നവനെക്കാൾ ശാസിക്കുന്നവനാണ് പിന്നീട് പ്രീതിപാത്രമാവുക". തിരുത്തലുകൾക്കു തിരിഞ്ഞുനടക്കാതെ അവയെ ആശ്ലേഷിക്കാൻ തയ്യാറാകുന്നവർക്ക് ബന്ധങ്ങൾ ബന്ധനങ്ങളാവില്ല, പിന്നെയോ കുറേക്കൂടി ആഴപ്പെടുകയേയുള്ളൂ. സുവിശേഷത്തിലേക്കു കടക്കുമ്പോൾ മറ്റാരും അതുവരെയും ശ്രദ്ധിക്കാത്ത വ്യക്തികളെ വിളിച്ചുകൂട്ടി ഏവരുടെയും ശ്രദ്ധാകേന്ദ്രമാക്കി മാറ്റുന്ന ഒരസാധാരണ ദൈവത്തെ നാം കണ്ടുമുട്ടുന്നു. വി. ലൂക്കായുടെ സുവിശേഷം 15-ാം അദ്ധ്യായത്തിൽ ധൂർത്തപുത്രന്റെ ഉപമയിലെ മൂത്തപുത്രനിലൂടെ കൂടെ നടക്കുന്നതല്ല, ഉള്ളിൽ വസിക്കുന്നതാണ് യഥാർത്ഥ സ്നേഹമെന്നു നമ്മെ പഠിപ്പിക്കുന്നു. ഒരുമിച്ചുണ്ടുറങ്ങിയിട്ടും അപ്പന്റെ നെഞ്ചിന്റെ നേരറിയാൻ കഴിയാത്തവൻ അകത്തളങ്ങളിലെ അനക്കങ്ങളുടെ കാരണം അയലത്തു തിരയുന്നു.

നെഞ്ചോടു ചേർത്തു പിടിച്ചവരൊക്കെ കുതറിയോടുമ്പോൾ ഇതു നിന്റെ ദുഃഖം മാത്രം എന്നു കരുതി അലറി കരയേണ്ട, നിന്നെ പടച്ചവൻ എത്രയോ പണ്ടേ ഈ തിരസ്കരണം ഏറ്റുവാങ്ങി....? ഗദ്സമെൻ തോട്ടത്തിൽ അവൻ പ്രതീക്ഷിച്ചതും ഇത്തിരി മനസ്സിലാക്കലാണ്. എന്നാൽ അവൻ പ്രത്യേകം തിരഞ്ഞെടുത്തവരോ, അവന്റെ ഗദ്ഗദങ്ങളുടെയോ നെഞ്ചിടിപ്പിന്റെയോ ആഴമറിയാതെ ഉറക്കത്തിലേക്കു വഴുതിവീഴുകയും ചെയ്തു... യഥാർത്ഥസ്നേഹം അകലാനാഗ്രഹിക്കാത്തതാണ്... അകന്നാലും എത്രയും വേഗം അടുക്കാൻ കൊതിക്കുന്നതുമാണ്. കർത്താവ് അറ്റുപോയവയെയൊക്കെ അടുപ്പിച്ചവനാണ്.... ഓരോ ക്രിസ്തുശിഷ്യന്റെയും മാർഗ്ഗം ഇതു മാത്രമാണ്.... ആയിരിക്കുന്ന ഇടങ്ങളിൽ അകന്നുപോയവയെയും അകന്നുപോയവരെയും കൂട്ടിയോജിപ്പിക്കുന്ന ഉപകരണങ്ങളാവുക. ഇതിനുള്ള വജ്രായുധം പ്രാർത്ഥനയും പരിത്യാവും മാത്രമാണ്.

അകന്നുപോയവർക്കായി മുട്ടുകൾ മടക്കാൻ, കരങ്ങൾ വിരിക്കാൻ നീ തയ്യാറാണെങ്കിൽ 'അടുപ്പ്'മെന്ന മഹാത്ഭുതം അധികം വൈകാതെ നീ കാണും.



# സ്വർഗത്തിന്റെ സമ്മാനം

**ജിസ കൂട്ടിയാനിക്കൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

'**ഇ**തെങ്ങനെ സംഭവിക്കും'? ജീവിതത്തിൽ സംഭവിച്ച ചില അസ്വാഭാവിക അനുഭവങ്ങളുടെ മുന്നിൽ പകച്ചുപോയ ഒരു കൗമാരക്കാരിയുടെ ചോദ്യമായിരുന്നു അത്. ദൂതന്റെ ദർശനവും അറിയിപ്പും അവളെ വല്ലാതെ ഭയപ്പെടുത്തി. പറഞ്ഞുകേൾവി പോലുമില്ലാത്ത അനുഭവങ്ങൾ ജീവിതത്തിലുണ്ടായപ്പോൾ അവളിൽ നിറഞ്ഞ ആകുലതയും സംശയങ്ങളും ഭയവുമെല്ലാം അവളുടെ ചോദ്യത്തിലുണ്ടായിരുന്നു. ദൂതന്റെ മറുപടി വ്യക്തമായിരുന്നു: "പരിശുദ്ധാത്മാവു നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്നിലാവസിക്കും." എന്താണ് സംഭവിക്കുന്നതെന്നോ പറഞ്ഞ വാക്കുകളുടെ അർത്ഥമെന്തെന്നോ മനസ്സിലാക്കിയെടുക്കും മുമ്പേ ദൂതൻ അവളുടെ മുമ്പിൽ നിന്നും മറഞ്ഞു. പിന്നീടൊരിക്കലും അവളെ ആശ്വസിപ്പിക്കാനോ അവളുടെ സംശയങ്ങൾ ദൂരീകരിക്കാനോ അവളെ ശക്തിപ്പെടുത്താനോ ദൂതൻ പ്രത്യക്ഷനാകുന്നതായി കാണുന്നില്ല. പരിശുദ്ധാത്മാവിന്റെ കൃപയാൽ അവൾ ശക്തി സ്വീകരിച്ച് ദൈവഹിതം പ്രാവർത്തികമാക്കാൻ പ്രാപ്തയായി.

മംഗളവാർത്താക്കാലം മുഴുവൻ പരിശുദ്ധാരൂപി ഇപെടുന്ന വ്യക്തിത്വങ്ങളെയും ജീവിതങ്ങളെയും നാം കണ്ടുമുട്ടുന്നുണ്ട്. പരിശുദ്ധ മറിയം, എലിസബത്ത്, സ്നാപകൻ തുടങ്ങി പുൽക്കൂട്ടിലെ ഉണ്ണിയെ ആരാധിക്കാൻ വന്ന ഇടയന്മാർവരെ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടവരായിരുന്നു. ദനഹാക്കാലം വീണ്ടും അവിടുത്തെ ശക്തിയെയും സാന്നിധ്യത്തെയുംകുറിച്ച് നമ്മെ ബോധ്യപ്പെടുത്തുകയാണ്.

ഈശോയുടെ മാമ്മോദീസാവേളയിൽ പരിശുദ്ധാരൂപിയുടെ സവിശേഷമായ സാന്നിധ്യം നാം ദർശിക്കുന്നുണ്ട്. പ്രാവിന്റെ രൂപത്തിൽ ഈശോയുടെ മേൽവന്നു. അതിനുശേഷം ആത്മാവ്

അവിടുത്തെ മരുഭൂമിയിലേക്കു നയിക്കുന്നു. നാല്പതു രാവും നാല്പതു പകലും അവിടുത്തെ സംരക്ഷിക്കുന്നതും പ്രലോഭകന്റെ തന്ത്രങ്ങളിൽനിന്നും അവിടുത്തെ രക്ഷിക്കുന്നതും നാം തിരുവചനത്തിൽ കാണുന്നുണ്ട്. ഈ അരൂപിയുടെ കൂട്ടിനാൽ ഈശോ തന്റെ പരസ്യജീവിതത്തിലേക്കിറങ്ങുന്നതും അവിടുത്തെ ജീവിതാന്ത്യത്തിലെ ദാരുണപീഢകളെ സ്വീകരിക്കാൻ ശക്തി പ്രാപിക്കുന്നതും തന്റെ തിരുവുത്ഥാനത്തിലൂടെ മരണത്തെയും പാപത്തെയും എന്നേയ്ക്കുമായി പരാജയപ്പെടുത്തുന്നതും നാം കാണുന്നു.

മനുഷ്യജീവിതത്തിലെ നിരവധിയായ മേഖലകളിൽ പരിശുദ്ധ അമ്മ ചോദിച്ചതുപോലെ പല ചോദ്യങ്ങളും നാമും ഉന്നയിക്കാറുണ്ട്. എന്തുകൊണ്ട് എനിക്കുമാത്രം ഇങ്ങനെ? എന്താണിതിന്റെ അർത്ഥം? എന്റെ ഭാവി എന്തായിരിക്കും?....

മാനവജീവിതത്തിലനുഭവപ്പെടുന്ന എല്ലാ പ്രശ്നങ്ങൾക്കുമുള്ള ഏക പരിഹാരം പരിശുദ്ധാരൂപിയുടെ പ്രചോദനങ്ങൾക്കനുസരിച്ചു ജീവിക്കുക എന്നതുമാത്രമാണെന്ന് ഈ ആരാധനാവത്സരകാലഘട്ടത്തിൽ അനുസ്മരിക്കപ്പെടുന്ന വിശുദ്ധജീവിതങ്ങൾ നമ്മെ പഠിപ്പിക്കുന്നു. സ്വന്തം കഴിവും ചിന്തകളും ബുദ്ധിയുമുപയോഗിച്ച് പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ ശ്രമിക്കുന്ന മനുഷ്യൻ അവന്റെതന്നെ ജീവിതം സങ്കീർണമാകാനും സമാധാനം നഷ്ടപ്പെടാനും ഇടയാക്കുന്നു എന്നതു മനസ്സിലാക്കിവരുമ്പോഴേയ്ക്കും ഏറെ സമയം കടന്നുപോയിട്ടുണ്ടാവും.

ദൈവം നമുക്കു നല്കിയിരിക്കുന്ന ഏറ്റവും വലിയ ദാനമാണ് പരിശുദ്ധാത്മാവ്. എന്തു ചെയ്യണമെന്നും എങ്ങനെ ചെയ്യണമെന്നും നിരന്തരം നമ്മെ ബോധ്യപ്പെടുത്തുന്ന ഈ അരൂപിയാൽ നയിക്കപ്പെടാൻ വിട്ടുകൊടുക്കുക എന്നതു മാത്രമാണ് നാം ചെയ്യേണ്ടത്. ഒരു മനുഷ്യന്റെ ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം ദൈവഹിതം നിറവേറ്റുക എന്നതുമാത്രമാണെങ്കിൽ അതിനുള്ള മാർഗവും നിർദ്ദേശങ്ങളും നല്കാൻ നല്ല ദൈവം നല്കിയിരിക്കുന്ന വ്യക്തമായ ചാനലാണ് പരിശുദ്ധാരൂപി. ഈ അരൂപിയോടു തുറവിയുള്ളവരായി ആകുലതകളില്ലാതെ, സന്തോഷത്തോടും സമാധാനത്തോടുംകൂടെ ജീവിക്കുവാൻ ഈ ദനഹാക്കാലം നമ്മെ സഹായിക്കട്ടെ. ദൈവം അളവില്ലാതെ നല്കുന്ന സ്വർഗത്തിന്റെ ഈ സമ്മാനം സ്വീകരിക്കുവാൻ നമ്മുടെ ജീവിതങ്ങളെ നമുക്ക് ഒരുക്കാം.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**ബെറ്റി കച്ചിറ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം:** ഈശോ യോർദ്ദാനിൽ മാമ്മോദീസാ സ്വീകരിക്കുന്നതു നമുക്കു ധ്യാനിക്കാം (മത്താ1,9).

മാമ്മോദീസാ സ്വീകരിച്ച് മിശിഹായുടെ അനുയായികളായത്തീന്ന ഞങ്ങളെ ദൈവസ്നേഹംകൊണ്ടു നിറച്ച് യഥാർത്ഥ വിളിയായ വിശുദ്ധിയിൽ ജീവിക്കാൻ പരി. അമ്മേ, ഞങ്ങളെ സഹായിക്കണേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം:** കാനായിൽ ഈശോ തന്നെത്തന്നെ വെളിപ്പെടുത്തുന്നതു നമുക്കു ധ്യാനിക്കാം (യോഹ 2,11).

സഹോദരങ്ങളുടെ കാര്യത്തിൽ ശ്രദ്ധയും കരുതലുമുള്ള പരി. അമ്മയിൽ ആശ്രയിച്ചുകൊണ്ട് നമുക്കും നമ്മുടെ സഹോദരങ്ങളുടെ ആവശ്യങ്ങളിൽ കരുതലുള്ളവരാകാം. ലോകത്തിൽ സഭയുടെ, മിശിഹായുടെ മുഖം തെളിച്ചു കാണിക്കുന്ന സുവിശേഷധീരമായ സാക്ഷ്യം നല്കാനുള്ള ശക്തിക്കായി പരി. അമ്മേ, പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം:** ഈശോ സ്വർഗരാജ്യം പ്രഘോഷിക്കുന്നതു നമുക്കു ധ്യാനിക്കാം (മർക്കോ 1,14-15).

ഞങ്ങളുടെ കുടുംബങ്ങളും സമൂഹങ്ങളും സ്വാർത്ഥതയിൽ മുഴുകാതെ, എപ്പോഴും വീണ്ടും തുടങ്ങുന്ന, പുറത്തുകടക്കുന്ന വ്യക്തികളായിത്തീരാൻ, ദൈവരാജ്യപ്രഘോഷകരായിത്തീരാൻ വേണ്ട ശക്തിക്കായി പരി. അമ്മേ, പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം:** ഈശോയുടെ രൂപാന്തരീകരണം നമുക്കു ധ്യാനിക്കാം (മത്താ 17,5).

പരി. അമ്മേ, നിന്റെ മാദ്ധ്യസ്ഥ്യം വഴി ഞങ്ങൾ ഓരോ ദിവസവും വിശുദ്ധിയിലേക്കുള്ള യാത്ര തുടങ്ങുവാനും ഈശോയുമായുള്ള കൂടിച്ചേരലിലൂടെ ഒരു രൂപാന്തരാനുഭവം നേടുവാനും ഞങ്ങളെ സഹായിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം:** ഈശോ പരി. കുർബാന സ്ഥാപിക്കുന്നതു നമുക്കു ധ്യാനിക്കാം (1 കോറി 11,23-25)

ലോകമാം മരുഭൂമിയിൽ മനുഷ്യമക്കളോടൊപ്പമായിരിക്കാൻ തന്റെ സ്വന്തം ശരീരവും രക്തവും ദാനമായി നല്കിയ അങ്ങേ തിരക്കുമാരപ്പോലെ വിശ്വാസികളായ മക്കൾ സഭാഗാത്രത്തിന്റെ നന്മയ്ക്കായി വ്യം ചെയ്യാനുള്ള അനുഗ്രഹത്തിനായി പരി. അമ്മേ, ഞങ്ങളെ സഹായിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


“ഞങ്ങളുടെ കർത്താവായ ദൈവമേ,
ഞങ്ങളുടെ കടങ്ങൾക്കു പരിഹാരം
ചെയ്യുകയും നിന്റെ മാമോദീസായാൽ
ഞങ്ങൾക്കു വിജയം നല്കുകയും ചെയ്ത
നീ ആരാധ്യനാകുന്നു. പങ്കിലമാക്കപ്പെട്ട
ഞങ്ങളുടെ ദൈവികഛായയെ
മാമോദീസാജലത്താൽ
നവീകരിച്ച മിശിഹായേ,
മരണത്തിന്റെ കറയിൽനിന്ന്
മർത്ത്യരായ ഞങ്ങളെ നീ ശുദ്ധരാക്കി;
നിന്റെ പരിശുദ്ധ റൂഹായാൽ
ഞങ്ങളെ അഭിഷേകം ചെയ്തു.
നിനക്കു ഞങ്ങൾ സ്തുതിയും
മഹത്ത്വവും അർപ്പിക്കുന്നു”.
(ദനഹാക്കാലം,
മൂന്നാം ഞായർ-റംശാ)

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th December 2023

Registered: KL/KTM/72/2021-23
Licence No:KL/CR/KTM/WPP-14/2021-23
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

“കർത്താവീശോ മിശിഹായിൽ
മാമോദീസാ മുങ്ങീടും
വിശ്വസികളേ, നിങ്ങളിതാ
അവനെ ധരിച്ചവരാണല്ലോ
അവനോടൊപ്പം സ്വർഗത്തിൽ
പാവനമാകും ഗേഹത്തിൽ
നിവസിക്കാനായർഹതയും
നല്കും നാഥൻ നിങ്ങൾക്കായ്”
(ദനഹാക്കാലം
ശനി-റംശാ)

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal